അടിയന്തരപ്രമേയം

മൂന്നാറിലെ ഭൂമി കയ്യേറ്റം

മി. സ്പീക്കർ: പരിസ്ഥിതിക്ക് കനത്ത ആഘാതവും കാലാവസ്ഥാ വ്യതിയാനത്തിനും ജലസ്രോതസ്സുകളുടെ ശോഷണത്തിനും കാരണമാകാനിടയുള്ള മൂന്നാർ മേഖലയിലെ അനധികൃതമായും വ്യാപകമായും നടക്കുന്ന ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് 27-03-2017 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് ശേഷം നല്കിയ നിർദ്ദേശങ്ങൾ കയ്യേറ്റം ഒഴിപ്പിക്കൽ നിർത്തിവയ്ക്കാനിടയാക്കിയ സാഹചര്യവും, മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ റവന്യൂ വകുപ്പിന്റെ നടപടികളെ നിയന്ത്രിക്കാൻ മുഖ്യമന്ത്രി തയ്യാറായത് മൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നല്കിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 27-

03-2017 ന് രാവിലെ പതിനൊന്നു മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടുക്കി ജില്ലയിലെ ഭൂമി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക യോഗം വിളിച്ചു ചേർത്തിരുന്നു. ഈ യോഗത്തിൽ ഇടുക്കിയിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകളാണ് പങ്കെടുത്തിരുന്നത്. അതുപോലെ റവന്യൂ- വനംവകുപ്പു മന്ത്രിമാർ ഉൾപ്പെടെയുള്ള മന്ത്രിമാരും ആ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. ഭൂമിയുമായി ബന്ധപ്പെട്ട് വിവിധതലത്തിൽ അവിടെയുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള ചർച്ചയാണ് അവിടെ പ്രധാനമായും നടന്നത്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ അവിടെ ചെയ്യാൻ കഴിയുന്ന കാര്യങ്ങളെന്തെന്ന് സംബന്ധിച്ച പരിശോധന നടത്തണം എന്നതാണ് പൊതുവേ എടുത്തിട്ടുള്ള തീരുമാനം. പൊതുവേ പരിശോധന നടത്തുന്നതിനുള്ള ആലോചനയാണ് അവിടെ നടന്നത്. 16-02-2015 ലെ സർക്കാർ ഉത്തരവ് പുന:പരിശോധിക്കുന്നതിനെക്കുറിച്ച് അവിടെ ചില നിർദ്ദേശങ്ങൾ വന്നെങ്കിലും അത്തരം കാര്യങ്ങളെ സംബന്ധിച്ച് അന്തിമമായ ഒരു തീരുമാനവും സ്വീകരിച്ചിട്ടില്ല. അത് പരിശോധിക്കണമെന്ന പൊതു നിർദ്ദേശം ജനപ്രതിനിധികളുടെ ഭാഗത്ത് നിന്നും വരികയുണ്ടായി. നീലക്കുറിഞ്ഞി ഉദ്യാനം സ്ഥാപിക്കുന്നതിനുവേണ്ടി 06-10-2006 ൽ പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപന

പ്രകാരമുള്ള അതിരുകൾ പുന:നിശ്ചയിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാനും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള കാര്യങ്ങൾ സംബന്ധിച്ച് അവിടെ ചർച്ച നടക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമാണ് തീർച്ചയായും സ്വീകരിച്ചത്. മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ കീഴിൽ വരുന്ന 8 വില്ലേജുകളിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനേർപ്പെടുത്തിയിട്ടുള്ള തടസ്സങ്ങൾ പുന:പരിശോധിക്കുന്നതിനെക്കുറിച്ച് യോഗത്തിൽ ഉന്നയിക്കുകയുണ്ടായി. ആ അഭിപ്രായങ്ങൾ പരിശോധനയ്ക്കുവേണ്ടി മാറ്റിവെച്ചിരിക്കുകയാണ്. ഏലം കൃഷിക്കുണ്ടാവുന്ന ഉത്പാദനക്കുറവ് പരിഹരിക്കുന്നതിന് സി.എച്ച്.ആർ. പ്രദേശത്തെ മരങ്ങളുടെ ശാഖകൾ മുറിക്കുന്നതിന് അനുമതി നല്കുന്ന കാര്യം പരിഗണിക്കണമെന്ന നിർദ്ദേശം ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും വരികയുണ്ടായി. 1964 ലെ ഭൂമി പതിവു ചട്ടങ്ങളിൽ പതിച്ചു നല്കിയ ഭൂമി കൈമാറ്റം ചെയ്യുന്നതിലുള്ള അവ്യക്തത നീക്കം ചെയ്യുന്ന കാര്യം പരിശോധിക്കണമെന്ന അഭിപ്രായവും യോഗത്തിൽ ഉയർന്നു വരികയുണ്ടായി. 25-09-2015 ലെ ചീഫ് സെക്രട്ടറി സമർപ്പിച്ച സത്യവാങ്മൂലം തിരുത്തുന്നതു സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട് എന്ന അഭിപ്രായവും ഉയർന്നു

വരികയുണ്ടായി. വീട്ടു നിർമ്മാണത്തിനും നവീകരണത്തിനും എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള അധികാരം വികേന്ദ്രീകരിച്ച് നല്കണമെന്നൊരു അഭിപ്രായം കൂടി അവിടെ ഉയർന്നു വരികയുണ്ടായി. മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പരിധിയിൽ വരുന്ന ആനവിലാസം വില്ലേജ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കണമെന്ന ആവശ്യവും ഉയർന്നുവന്നു. ഒരുപാട് അകലെ നിൽക്കുന്ന വില്ലേജിനെക്കൂടി അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അത് ഒഴിവാക്കണമെന്ന നിർദ്ദേശമാണ് അവിടെ ഉയർന്നു വന്നത്.

അടിയന്തര പ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ മെമ്പർ ശ്രീ. പി. ടി. തോമസ്, 27-03-2017 ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗം കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നീക്കങ്ങളും തടസ്സപ്പെടുന്നതിന് ഇടവരുത്തി എന്ന കാര്യമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സാധാരണഗതിയിലുണ്ടായിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന നടപടികൾ 2017 മാർച്ച് 27 ന് ശേഷവും തുടരുകയാണ്. ആ നടപടികൾ മുന്നോട്ടു പോവുകയാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ ഒരുതരത്തിലുള്ള തടസ്സവും ഉണ്ടായിട്ടില്ല എന്ന് പരിശോധിച്ചാൽ കാണാൻ കഴിയും. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയങ്ങളിൽ പരിശോധനയ്ക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതല്ലാതെ, ഏതെങ്കിലും തരത്തിൽ

നിലവിലുള്ള സാഹചര്യത്തിൽ ഗവൺമെന്റ് മറ്റൊരു തീരുമാനമെടുക്കുകയോ, ഏതെങ്കിലും തരത്തിൽ നിലവിലിരിക്കുന്ന ഒരു നടപടിയെ എതിർക്കുകയോ ചെയ്യുന്ന ഒരു തീരുമാനവും സ്വീകരിച്ചിട്ടില്ല. മേൽപ്പറഞ്ഞ ഉത്തരവ് പുന:പരിശോധിക്കണമെന്ന ആവശ്യം ജനപ്രതിനിധികൾ മുന്നോട്ടുവച്ചു എന്നല്ലാതെ അതിൽ അന്തിമമായ തീരുമാനങ്ങളൊന്നും എടുക്കാത്ത സാഹചര്യത്തിൽ പ്രത്യേകിച്ചും, ഒരു കാരണവശാലും നിലവിലുള്ള നിയമ വ്യവസ്ഥയ്ക്കെതിരായി ഒരു കാര്യവും തീരുമാനിക്കപ്പെടാത്ത സാഹചര്യത്തിൽ ആ യോഗത്തിനുശേഷം എന്തോ തടസ്സമുണ്ടാക്കി എന്നും, കൂട്ടുത്തരവാദിത്വത്തെ ബാധിക്കുന്നുവെന്നും റവന്യൂ വകുപ്പിന്റെ ചുമതല നിർവ്വഹിക്കാൻ കഴിയാത്ത തരത്തിലുള്ള ഇടപെടൽ നടത്തുന്നു എന്നുമൊക്കെ പറയുന്നതിൽ ഒരു കാര്യവുമില്ല. റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് ഓരോ വകുപ്പിനും അവയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് അധികാരമുണ്ട്. ഭരണഘടനാപരമായി ഒരു ഗവൺമെന്റിനെ നിയന്ത്രിക്കുന്ന മുഖ്യമന്ത്രിക്ക് ഏതു വകുപ്പുമായി ബന്ധപ്പെട്ട വിഷയമായാലും യോഗങ്ങൾ വിളിച്ചു ചേർക്കാനും, ആലോചനകൾ നടത്താനും, അഭിപ്രായങ്ങൾ രൂപീകരിക്കാനും, നിർദ്ദേശങ്ങൾ നല്കാനുമുള്ള അവകാശങ്ങളുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെയിരിക്കെ എങ്ങനെയാണ് മുഖ്യമന്ത്രി

ഇത്തരമൊരു യോഗം വിളിച്ചു ചേർത്താൽ ഇതിനെതിരാവുക? അത് മനസ്സിലാകുന്നില്ല. അത്തരമൊരു വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഇങ്ങനെയൊരു അടിയന്തര പ്രമേയം ചർച്ച ചെയ്യണമെന്ന ആവശ്യത്തിന് ഒരു പ്രസക്തിയുമില്ല എന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ഹിമാലയം ലോകത്തിനെങ്ങിനെയോ അതാണ് പശ്ചിമഘട്ട നിരകളിൽ മൂന്നാറിന്റെ സ്ഥാനം. ആ മൂന്നാർ ഇന്ന് മരണാസന്നമാണ്. ഇക്കണോമിക്കൽ ഗവേണൻസിലൂടെ മൂന്നാറിനെ രക്ഷിക്കാനാവില്ല. ഇക്കോളജിക്കൽ ഗവേണൻസിലൂടെ മാത്രമേ അതിന് കഴിയൂ. അതാണ് നാളെയുടെ കരുതലായി ഉണ്ടാവേണ്ടത്. ലോകത്ത് ഏറ്റവും വലിയ കാലാവസ്ഥ വ്യതിയാനം സംഭവിച്ച പ്രദേശങ്ങളിൽ ഒന്നായി മൂന്നാറിനെ ലോകത്തെമ്പാടുമുള്ള കാലാവസ്ഥ നിരീക്ഷകർ വിലയിരുത്തിയിരിക്കുകയാണ്. 17 ഡിഗ്രി മുതൽ 27 ഡിഗ്രി വരെയായിരുന്ന താപനില ഇന്ന് 42 ഡിഗ്രിയായി ഉയർന്നു നില്ക്കുകയാണ്. പെരിയാറും പമ്പയുമടക്കം 6 നദികൾ ഉത്ഭവിക്കുന്ന മേഖലയാണ് പശ്ചിമഘട്ടം. അതിന്റെ പ്രധാന പ്രഭവകേന്ദ്രമാണ് മൂന്നാർ. 11000 മി.ലി. മഴ ലഭിച്ചുകൊണ്ടിരുന്ന ഈ ഭൂപ്രദേശത്ത് ഇന്ന് 2300 മി.ലി. മഴ മാത്രമാണ് ലഭിക്കുന്നത്. രാമക്കൽമേട് മുതൽ കമ്പംമേട് വരെയുള്ള 786 ച.കി.മീ മേഖല അതിവേഗം തരിശായി,

മരുഭൂമിയായി മാറിക്കൊണ്ടിരിക്കുന്ന ദു:ഖകരമായ കാഴ്ചയാണ് കാണുന്നത്. ഹിമാലയത്തിലെ പോലെ ആഗ്രോ ഫോറസ്ട്രി സമ്പ്രദായം മൂന്നാർ മേഖലയിൽ നടപ്പാക്കണം. മൂന്നാർ പരിസ്ഥിതി പരിപാലനത്തിന് അടിയന്തര നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 27-03-2017 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം വളരെ നിരുപദ്രവകരമാണെന്ന് തോന്നത്തക്ക രീതിയിൽ ഒരു മറുപടി പറയുകയുണ്ടായി. അത് വളരെ ദു:ഖകരമാണ്. അതിലെ ഒന്നു രണ്ട് കാര്യങ്ങൾ ഞാൻ ഇവിടെ വായിക്കാം. 16-02-2015 ലെ ജി.ഒ.(എം.സ്) 69/2015 ആർ.ഡി. നമ്പർ ഉത്തരവ് പുന:പരിശോധിക്കുക. ആ ഉത്തരവ് എന്താണ് എന്നുകൂടി കേൾക്കണം. 'ഇടുക്കിയിലെ ദേവികുളം താലൂക്കിൽ വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, കീഴാന്തൂർ, മറയൂർ എന്നീ അഞ്ച് വില്ലേജുകളിലെ യൂക്കാലിപ്റ്റ്സ്, ഗ്രാന്റീസ് തോട്ടങ്ങൾ ഏറ്റെടുക്കണമെന്നും ടി മേഖലയിൽ ടി മരങ്ങൾ കൃഷി ചെയ്യുന്നത് നിരോധിക്കണമെന്നും ടി മരങ്ങൾ മുറിക്കുന്നത് തടയണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള 16-02-2015 ലെ ജി.ഒ.(എം.എസ്) 69/2015 ആർ.ഡി. നമ്പർ ഉത്തരവിൽ അപാകതകൾ ഉണ്ടെന്നും ഉത്തരവിൽ പരാമർശിക്കുന്ന പല കാര്യങ്ങളിലും വ്യക്തമായ അധികാരപ്പെടുത്തലോ, നിർദ്ദേശങ്ങളോ ഇല്ല എന്നും ഈ

നിർദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയക്രമം നിർദ്ദേശിച്ചിട്ടില്ല എന്നുമുള്ള പല അപാകതകളും കാരണം പ്രസ്തുത വില്ലേജുകളിലെ ജനജീവിതം ദു:സ്സഹമാകുന്നു എന്നതാണ് ഒന്ന്. അതിനകത്ത് അറിയേണ്ടതായിട്ടുള്ള കാര്യം, 'ആക്ഷൻ റവന്യൂ(എ) ഡിപ്പാർട്ടുമെന്റ് ' എന്നുണ്ട്. ഒരു യോഗത്തിന്റെ മിനിട്സിൽ ആദ്യമായാണ് 'ആക്ഷൻ റവന്യൂ (എ) ഡിപ്പാർട്ടുമെന്റ് ' എന്ന് കാണുന്നത്.

രണ്ട്, നീലക്കുറിഞ്ഞി സാങ്ച്വറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ പ്രശ്നങ്ങൾ, നിലവിൽ പരിസ്ഥിതി സംരക്ഷണ ബോധപ്രകാരം യൂക്കാലിപ്റ്റ്സ്, ഗ്രാന്റീസ് മരങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണെങ്കിലും, സ്വകാര്യ വ്യക്തികളുടെ കൈവശം നിലവിലുള്ളതും സർക്കാരിന്റെ ധനസഹായത്തോടെയും പ്രോത്സാഹനത്തോടെയും നട്ടുവളർത്തിയതും (സർക്കാരിന്റെ ധനസഹായത്തിൽ ഒന്നും നട്ടുവളർത്തിയിട്ടില്ല), ഉൾപ്പെടെയുള്ള മരങ്ങൾ മുറിക്കുന്നതിന് നീലക്കുറിഞ്ഞി സാങ്ച്വറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ അനുവാദം നല്കുന്നില്ല എന്നും, നീലക്കുറിഞ്ഞി സാങ്ച്വറിയുടെ ഇൻഡക്ഷൻ നോട്ടിഫിക്കേഷൻ അതിരുകൾ നിർണ്ണയിച്ചതിലുള്ള അപാകതകൾ കാരണം ജനവാസ കേന്ദ്രങ്ങൾ, പട്ടയഭൂമികൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ ഇവയെല്ലാം ചേർന്ന 3200 ഓളം ഹെക്ടർ സ്ഥലം ഒഴിവാക്കിക്കൊടുക്കുന്നത് പരിശോധിക്കുന്നതിന് റവന്യൂ(ആർ)

ഡിപ്പാർട്ടുമെന്റിനോടും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനോടും അഭ്യർത്ഥിക്കുന്നതടക്കമുള്ള തീരുമാനങ്ങളാണ് അവിടെയെടുത്തത്. എന്റെ കൈവശമിരിക്കുന്നത് ഒരു വിവരാവകാശ രേഖയാണ്. ആ രേഖയിലെ സൂചന പ്രകാരം 'താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ കൊട്ടക്കാമ്പൂർ വില്ലേജിൽ ബ്ലോക്ക് 58-ൽ പാർട്ട് ഒന്നിൽ പഴയ സർവ്വേ നമ്പർ 671/1-ൽപ്പെട്ട സ്ഥലം, അസൈനബിൾ ലിസ്റ്റിൽപ്പെട്ടതാണോ എന്ന്താലൂക്കിൽ നിലവിലുള്ള രേഖകൾ പരിശോധിച്ചതിൽ അസൈനബിൾ ലിസ്റ്റിൽപ്പെട്ട സ്ഥലമല്ല' എന്ന് വ്യക്തമാക്കുന്നു. ഇത് ഗവൺമെന്റ് നൽകിയ ഉത്തരമാണ്. അതിന്റെ അർത്ഥം, കൊട്ടക്കാമ്പൂർ വില്ലേജിൽ 58-ാം ബ്ലോക്ക് അസൈനബിൾ ലാന്റല്ല. എന്റെ കൈവശമിരിക്കുന്നത് മറ്റൊരു വിവരാവകാശ രേഖയാണ്. (പേപ്പർ ഉയർത്തികാട്ടി). ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. 1971-നുമുമ്പുള്ള കൈവശഭൂമിക്ക് മാത്രമേ ചട്ടം 64 അനുസരിച്ച് ഭൂമി പതിച്ച് കൊടുക്കാൻ പറ്റുകയുള്ളൂ. ഓൾഡ് സെറ്റിൽമെന്റ് അനുസരിച്ച്, റവന്യൂ ഡിപ്പാർട്ടുമെന്റിലുള്ള രേഖ അനുസരിച്ച് ഈ സ്ഥലം പരിപൂർണ്ണമായും തരിശ്ശാണ്. ആ രേഖ എന്റെ കൈവശമുണ്ട്. ആ രേഖയാണ് ഈ കാണിക്കുന്നത്. (പേപ്പർ ഉയർത്തി കാട്ടി.) 1971-ൽ ഈ പ്രദേശത്ത് റീസർവ്വേ നടന്നു. റീസർവ്വേ നടന്നപ്പോഴും അതിലെ റിസൾട്ടിലും ഈ സ്ഥലം പരിപൂർണ്ണമായും തരിശ്ശാണ്.

അതിനർത്ഥം 1973-ലെ റീസർവ്വേയിലും 1957-ലെ ഓൾഡ് സെറ്റിൽമെന്റിലും ഈ സ്ഥലത്ത് ആളുകൾ താമസമില്ല. 2006-ൽ ഇടതുപക്ഷ ഗവൺമെന്റ് ഈ സ്ഥലം നീലക്കുറിഞ്ഞി സാങ്ച്വറി ആയി പ്രഖ്യാപിച്ചു. 2006-ൽ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെ നടന്ന സംഭവമല്ല, അതിനുമുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയ നിരന്തര പരിശ്രമത്തിന്റെ റിസൾട്ട് വന്നത് ശ്രീ. ബിനോയ് വിശ്വം വനം വകുപ്പുമന്ത്രിയായിരുന്ന സമയത്താണ്. അദ്ദേഹം ആ സ്ഥലം നീലക്കുറിഞ്ഞി സാങ്ച്വറി ആയി പ്രഖ്യാപിച്ചു. പ്രസ്തുത സ്ഥലം വിട്ടുകൊടുക്കണമെന്നും നീലക്കുറിഞ്ഞി ഒഴിവാക്കണമെന്നുമാണ് ഈ ഉത്തരവ് പുന:പരിശോധിച്ചാലുണ്ടാകുന്ന കാര്യം. ഇവിടെ ഒളിച്ചുവച്ച ഒരു പ്രധാന കാര്യമുണ്ട്. കഴിഞ്ഞ ദിവസം ഞാൻ ഒരു കാര്യത്തിൽ ഇടപെട്ടപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, XXXX+ അങ്ങനെ പട്ടയം കൊടുക്കാൻ ദേവികുളം താലൂക്കിൽ 2000 മുതൽ 2003 വരെ അസൈനബിൾ കമ്മിറ്റി കൂടിയിട്ടില്ല എന്നതിന്റെ രേഖയും എന്റെ കൈവശമുണ്ട്.അസൈനബിളായൊരു ഭൂമി കൊടുക്കണമെങ്കിൽ ലാന്റ് അസൈന്റ്മെന്റ് കമ്മിറ്റി കൂടണമെന്നിരിക്കെ ആ കമ്മിറ്റി കൂടാതെ എങ്ങനെ എം.പി.-ക്ക് പട്ടയം കിട്ടി; അത് പിതൃസ്വത്താണോ? അദ്ദേഹത്തിന്റെ പിതൃ സ്വത്തിന്റെ കഥയും കൂടി ഞാൻ പറയാം. അതുകൂടി നിങ്ങൾ കേൾക്കണം. 1971-ൽ ഈ ഭൂമി

\+ സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ 2164/ഇ.ബി./2017/നി.സെ. തീയതി 12.5.2017) രേഖയിൽ നിന്നും നീക്കം ചെയ്തു.

തരിശ്ശാണെന്ന് ഞാൻ ആദ്യം പറയുകയുണ്ടായി. ധാരാളം പരാതികൾ എന്റെ കൈവശമുണ്ട്. അതിൽ ഒരെണ്ണം ഞാൻ വായിക്കാം. മുരുകൻ, ദേവികുളം മജിസ്ട്രേറ്റ് കോടതിയിൽ 70/2005 ആയി സമർപ്പിച്ച, കോടതിയിൽ നേരിട്ട് കൊടുത്ത ഒരു കേസിന്റെ കോപ്പിയാണ് എന്റെ കൈവശമിരിക്കുന്നത്. യൂത്ത് കോൺഗ്രസ്സുകാരൻ അദ്ദേഹത്തിനെതിരെ മത്സരിച്ചപ്പോഴുള്ള വിരോധം കൊണ്ട് പറയുകയാണെന്നാണ് അങ്ങ് പണ്ട് പറഞ്ഞത്. 2005-ൽ ഒരു മത്സരവും നടന്നില്ല. ആ കേസ്സിലെ വാദിയുടെ ഒരു ആവലാതി ഞാൻ വായിക്കാം. XXXXX+ഈ സത്യവാങ്മൂലത്തിൽ രണ്ട് ഖണ്ഡികകൾ, അവയിൽ പറഞ്ഞിരിക്കുന്നതെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണ്. പാവപ്പെട്ട പട്ടികജാതിക്കാരനായ, തമിഴ്വംശജനായ മുരുകന്റെ ആവലാതിയാണ്. ഗണേശൻ, ലക്ഷ്മി, ബാലൻ തുടങ്ങിയവരുടെയെല്ലാം മൊഴിയുണ്ട്. ഇവർ പറയുന്നു, ഞങ്ങളുടെ പേരുകൾ കളവായി കൊടുത്തിരിക്കുന്നുവെന്ന്. കേസിനാസ്പദമായ മറ്റ് വിവരങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം, 1971-ൽ ഈ ഭൂമി വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ജനിച്ചിട്ടുപോലുമില്ലാത്ത എട്ട് പട്ടികജാതി തമിഴ്വംശജരുടെ പേരിൽ വ്യാജരേഖയുണ്ടാക്കി അപേക്ഷ കൊടുത്ത് ഭൂമി ഉണ്ടാക്കി. എന്നിട്ട് അവർക്ക് അത് നടപ്പാക്കാൻ കഴിയില്ലെന്ന് പറഞ്ഞ് അതിന്റെ മുക്ത്യാർ ......

\+ സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ 2164/ഇ.ബി./2017/നി.സെ. തീയതി 12.5.2017) രേഖയിൽ നിന്നും നീക്കം ചെയ്തു.

<u>മി. സ്പീക്കർ</u>: അടിയന്തരപ്രമേയ നോട്ടീസിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ കാര്യമാണ് പറഞ്ഞിരിക്കുന്നത്. ഇടുക്കി എം.പി.-യുമായി ബന്ധപ്പെട്ട ഭൂമി കയ്യേറ്റത്തിന്റെ കാര്യം അങ്ങയുടെ നോട്ടീസിലില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: 69-ാം നമ്പർ സർക്കാർ ഉത്തരവ് ക്യാൻസൽ ചെയ്യുമ്പോഴുണ്ടാകുന്ന സംഭവത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഒരു ഗർഭിണി പ്രസവിക്കുമ്പോൾ ഉണ്ടാകുന്ന കുഞ്ഞിന് പേരിടുന്നതുപോലെയാണോ? ….. (ബഹളം).......

<u>മി. സ്പീക്കർ</u>: ഇത് ശരിയല്ല. അങ്ങയുടെ സമയം അവസാനിക്കാറായി. ….. (ബഹളം)....... അദ്ദേഹം അടിയന്തരപ്രമേയത്തിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിന് അവതരണാനുമതി തേടിയിട്ടാണ് പ്രസംഗിക്കുന്നത്. ആ നോട്ടീസിൽ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞപ്പോൾ ചെയർ അത് ചൂണ്ടിക്കാണിച്ചു. നിങ്ങൾ ഇരിക്കൂ....... …..(ബഹളം)....... അങ്ങ് വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിച്ച് അങ്ങയുടെ സമയത്തിനുള്ളിൽ അവസാനിപ്പിക്കൂ. ശ്രീ. എസ്. രാജേന്ദ്രൻ.....പ്ലീസ് ....ഇരിക്കൂ.

<u>ശ്രീ. പി. ടി. തോമസ്</u>: 69-ാം നമ്പർ സർക്കാർ ഉത്തരവ് ക്യാൻസൽ ചെയ്യുമ്പോഴുണ്ടാകുന്ന സംഭവത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. അല്ലാതെ

വ്യക്തിപരമായി ഞാൻ ആരുടെയും പേരെടുത്ത് പറഞ്ഞതല്ല. .....(ബഹളം).......

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, അങ്ങയുടെ സമയം കഴിഞ്ഞിരിക്കുകയാണ്..... അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് പ്രസംഗം അവസാനിപ്പിക്കു. .....(ബഹളം)....... ദയവായി നിങ്ങൾ ഇരിക്കു.

ശ്രീ. പി. ടി. തോമസ്: അങ്ങ് പറഞ്ഞതനുസരിച്ച് ഞാൻ പ്ലാൻ ചെയ്താണ് വന്നത്. ഞാൻ പ്രസംഗം പെട്ടെന്ന് അവസാനിപ്പിക്കാം. 69-ാം നമ്പർ സർക്കാർ ഉത്തരവ് ക്യാൻസൽ ചെയ്താലുണ്ടാകുന്ന സംഭവങ്ങളാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഒന്ന്, '2006-ൽ പ്രഖ്യാപിച്ച 3500 ഓളം ഏക്കർ നീലക്കുറിഞ്ഞി സാങ്ച്വറി ഇല്ലാതാകും. ആ പ്രദേശത്തെ യൂക്കാലിപ്റ്റ്സും ഗ്രാന്റീസും സർക്കാരിന്റെ കയ്യിൽനിന്നും നഷ്ടപ്പെടും. മരം മുറിക്കൽ തടസ്സങ്ങളുണ്ടാകും. യഥാർത്ഥ അവകാശി ഉണ്ടെങ്കിൽ അവർക്ക് നോട്ടീസ് കൊടുക്കും' തുടങ്ങിയ 15 കാര്യങ്ങളാണ് ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. സെറ്റിൽമെന്റ് ഉദ്യോഗസ്ഥൻ ഈ ഈ എം.പി.-ക്ക് നോട്ടീസ് നൽകി. ഇന്നുവരെ വന്നിട്ടില്ലെന്നുമാത്രമല്ല, ഓരോ നോട്ടീസ് കൊടുക്കുമ്പോഴും ആർ.ഡി.ഒ.-യുടെ കാലും കയ്യും വെട്ടുമെന്ന് പറഞ്ഞ് ദേവികുളം താലൂക്ക് ഓഫീസിനുമുമ്പിൽ എം.എം. മണി അടക്കമുള്ള ആളുകളുടെ പിന്തുണയോടുകൂടി സമരം നടക്കുകയാണ്. എന്റെ കൈവശമിരിക്കുന്നത് ആ

നോട്ടീസാണ്. .....(ബഹളം).......

മി. സ്പീക്കർ: അങ്ങ് പ്രസംഗം പൂർത്തിയാക്കൂ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടുന്നതിനിടയിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാറില്ല.

ശ്രീ. പി. ടി. തോമസ്: നിങ്ങൾക്ക് എന്തെങ്കിലും അവകാശമുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്ന് ആർ.ഡി.ഒ. പറഞ്ഞു. ഒരു രേഖയും ഹാജരാക്കിയിട്ടില്ല. ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു. 27-03-2007-ലെ യോഗ തീരുമാനം..........

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. അടിയന്തരപ്രമേയത്തിന് അനുമതി തേടിയുള്ള നോട്ടീസിൽ ഒരു തരത്തിലും പരാമർശിക്കാത്ത ഒരു കാര്യത്തെക്കുറിച്ച്, കേരളത്തിലെ ഒരു പാർലമെന്റ് അംഗത്തെക്കുറിച്ച്, ഈ സഭയിൽ വന്ന് യാതൊരു തരത്തിലും മറുപടി പറയാൻ സാധ്യതയില്ലാത്ത ഒരാളെക്കുറിച്ച് ഇങ്ങനെ നിരന്തരമായി ഒരു ആരോപണം ഈ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഉന്നയിക്കാമോ? അത് പിൻവലിക്കണം. അത് രേഖയിൽ ഉണ്ടാകരുത്. എന്ത് അടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നത്? ഇത് സിവിൽ കോടതിയാണോ? ഒരു സിവിൽ കോടതിയിൽ പറയേണ്ട കാര്യങ്ങൾ നിയമസഭയിൽ വന്ന് പറയുന്നത് എന്തിനാണ്; ഈ

ദുരാരോപണങ്ങൾ ഉന്നയിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്; ഏത് രേഖയുടെ അടിസ്ഥാനത്തിലാണ്?

മി. സ്പീക്കർ: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ചട്ടം 52 (v) പ്രമേയത്തിൽ വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ, ആരോപണങ്ങളോ, അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതാണെന്ന് വ്യക്തമായി ചട്ടത്തിൽ എഴുതിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ, ഒരു വ്യക്തിയെ വേട്ടയാടാൻവേണ്ടി അടിയന്തരപ്രമേയമോ? അദ്ദേഹത്തിന് ആരോപണമുണ്ടെങ്കിൽ ആ ആരോപണം എഴുതി നൽകണം. വ്യക്തിപരമായ ആരോപണം ഉന്നയിക്കേണ്ടത് അടിയന്തരപ്രമേയത്തിന്റെ ഭാഗമായല്ല. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ വരാത്ത കാര്യങ്ങൾ.... ഇവിടെ കുറേ ദിവസങ്ങളായി വരികയാണ്. ചട്ടം എല്ലാവർക്കും ബാധകമാണ്. എന്തും വിളിച്ചുപറയാനുള്ളതല്ല അടിയന്തരപ്രമേയം. ആദ്യം അത് മനസ്സിലാക്കണം.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. എ. കെ. ബാലനും പറഞ്ഞ

വികാരം തന്നെയാണ് ചെയർ നേരത്തെ പങ്കുവച്ചത്. അതുകൊണ്ടാണ് അതിൽ ഇടപെടുകയും ചെയ്തത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ അതിന്റെ വിശദീകരണ നോട്ടീസ് കൊടുത്തിട്ടുണ്ട്. ആ വിശദീകരണ നോട്ടീസിൽ ഒരു ഗവൺമെന്റ് ഓർഡറിനെക്കുറിച്ച് പറയുന്നുണ്ട്. ആ ഗവൺമെന്റ് ഓർഡർ ക്യാൻസലാകുമ്പോൾ status-co anti ആയി വരികയാണ്. അപ്പോൾ ഈ കാര്യത്തിലുണ്ടാകുന്ന ഇഫക്ട് എന്താണെന്ന് അടിയന്തരപ്രമേയത്തിൽ പറയണ്ടേ? വ്യക്തികളെക്കുറിച്ചല്ല പറയുന്നത്. ....(ബഹളം)...... ഒരു ഉത്തരവിനെക്കുറിച്ച് പറയുമ്പോൾ ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ഇഫക്ട് എന്താണെന്നുള്ളത് പറയണ്ടേ, അത് പറയാൻ അനുവദിക്കണം. റൂൾ 50 യുടെ നിബന്ധനയിൽ അതുണ്ട്. അത് പറയുന്നതിൽ ഒരു കുഴപ്പവുമില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ് .... പ്ലീസ് .... അദ്ദേഹത്തിനും പ്രതിപക്ഷത്തിനും പ്രസക്തമാണെന്ന് തോന്നിയ വിഷയമാണ് അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ എഴുതി നൽകിയത്. എന്നാൽ എഴുതിനൽകിയ കാര്യങ്ങളിൽനിന്ന് വ്യതിചലിച്ച് അദ്ദേഹം വല്ലാതെ കാടുകയറിയപ്പോഴാണ് ചെയർ

ഇടപെട്ടത്. ഒരു വ്യക്തിയെ സംബന്ധിച്ച് മാത്രം അദ്ദേഹം 7 മിനിട്ട് വിശദീകരിച്ചപ്പോഴാണ് ചെയർ ഇടപെട്ടത്. .... അത് ശരിയല്ല ...... നോട്ടീസ് ഇവിടെയുണ്ടല്ലോ. ഒരു വ്യക്തിയുടെ കയ്യേറ്റത്തെ സംബന്ധിച്ച് 7 മിനിട്ട് ദീർഘമായി സംസാരിച്ചപ്പോഴാണ് ചെയർ ഇടപെട്ടത്. അങ്ങനെയാണെങ്കിൽ അതാണ് അടിയന്തരപ്രമേയമായി എഴുതി നൽകേണ്ടിയിരുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത ഒരു യോഗത്തിന്റെ മിനിട്സുമായി ബന്ധപ്പെട്ട് ഒരു ഉത്തരവും ഗവണ്മെന്റ് കൊടുത്തിട്ടില്ല. പ്രസിദ്ധീകരിക്കാത്ത, പുറപ്പെടുവിക്കാത്ത ഉത്തരവ് ...ഉത്തരവ് എന്നുപറഞ്ഞാൽ ഇവിടെ ഏത് ഉത്തരവാണുള്ളത്; ഗവൺമെന്റ് തീരുമാനിച്ചു.... ഗവണ്മെന്റ് തീരുമാനിച്ചു എന്നുപറഞ്ഞാൽ ഏത് ഗവൺമെന്റാണ് തീരുമാനിച്ചിട്ടുള്ളത്?

മി. സ്പീക്കർ: അങ്ങനെയൊരു ഉത്തരവോ തീരുമാനമോ ഇല്ലെന്ന് റവന്യൂ വകുപ്പുമന്ത്രിതന്നെ ആദ്യമേ പറയുകയുണ്ടായി.

ശ്രീ. പി. ടി. തോമസ്: സർ, ഈ ധാർമ്മിക രോഷം, പ്രത്യേകിച്ച് എന്റെ സുഹൃത്ത് ശ്രീ. കെ. സുരേഷ് കുറുപ്പിൽ നിന്നുണ്ടായതിൽ എനിക്ക് അത്ഭുതം തോന്നുന്നു. ഗർഭിണിയായ ഒരു സഹോദരി പ്രസവിച്ചു കഴിഞ്ഞപ്പോൾ കുട്ടിയെ വേണ്ട എന്നു പറയുന്നതുപോലെയാണ്. 69-ാം നമ്പർ ഓർഡർ

പുറത്തേയ്ക്കെടുക്കുമ്പോൾ കിട്ടുന്നതാണ് ഇതെല്ലാം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ......

ശ്രീ. പി. ടി. തോമസ്: സർ, 2010-ൽ വി. എസ്. സർക്കാർ സി.എച്ച്.ആർ സംബന്ധിച്ച് സമർപ്പിച്ച ഉത്തരവ് 27.03.2017-ലെ യോഗത്തിൽ അട്ടിമറിക്കപ്പെടുന്നുണ്ട്. എല്ലാ അനുമതികളും കിട്ടിയ ഭൂമിയിൽ പട്ടയം കാത്തിരിക്കുന്നവർക്ക് അടിയന്തരമായി പട്ടയം കൊടുക്കണം. വനഭൂമിയായി സംരക്ഷിക്കുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും വേണം.

മി. സ്പീക്കർ: അങ്ങയുടെ ആശങ്ക പങ്കു വയ്ക്കു. അങ്ങയുടെ ആശങ്ക അവതരിപ്പിച്ച് അവസാനിപ്പിക്കു.

ശ്രീ. പി. ടി. തോമസ്: അതിനുപകരം നിവേദിത പി. ഹരന്റെ റിപ്പോർട്ട് പരിപൂർണ്ണമായി തള്ളിക്കളയാൻ ഇടയുള്ളതും ....(ബഹളം)..........

മി. സ്പീക്കർ: 13 മിനിട്ട് കഴിഞ്ഞു. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, അവസാനിപ്പിക്കാം. എന്റെ സമയം മുഴുവൻ അവർ കൊണ്ടുപോകുകയല്ലേ ചെയ്തത്. എനിക്ക് ആദ്യം അദ്ദേഹത്തിൽനിന്ന് പ്രൊട്ടക്ഷൻ തരണം.

മി. സ്പീക്കർ: ചെയർ പ്രൊട്ടക്ഷൻ നൽകുന്നുണ്ട്. ഇരിക്കു....ഇരിക്കു....പ്ലീസ്...

പ്ലീസ് ..... അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ.

ശ്രീ. പി. ടി. തോമസ്: സർ, 100 കിലോ അരി വച്ചാലും അരി വെന്തോ എന്നറിയാൻ ഒരെണ്ണം എടുത്തുനോക്കിയാൽ മതി. ഈ നടപടി ഈ ഗവൺമെന്റ് നടത്തുന്ന അഴിമതിയുടെ സൂചനയാണ്, അതിലേയ്ക്കുള്ള മുന്നേറ്റമാണ്. .... (ബഹളം).....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ..... പ്ലീസ് .... പ്ലീസ് .... സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന അങ്ങയുടെ അഭിപ്രായം പറയൂ.......

ശ്രീ. പി. ടി. തോമസ്: സർ, ഒരു ഗുരുതരമായ കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. 27.03.2017-ലെ മുഖ്യമന്ത്രിയുടെ യോഗം കഴിഞ്ഞ് ആ വിവരം ഞങ്ങൾ അറിയുന്നത് 02.05.2017-ലെ നിയമസഭാ ചോദ്യത്തിന് ലഭിച്ച ഉത്തരത്തിലൂടെയാണ്. ആ യോഗത്തിലെ തീരുമാനം 07.05.2017-ലെ സർവ്വകക്ഷി യോഗത്തിലോ പരിസ്ഥിതി പ്രവർത്തകരുടെ യോഗത്തിലോ പത്രപ്രവർത്തകരുടെ യോഗത്തിലോ മതാദ്ധ്യക്ഷൻമാരുടെ യോഗത്തിലോ എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറച്ചുവച്ചു; കാരണം ഇത് സുപ്രധാനമായ തീരുമാനമാണ്. എന്തുകൊണ്ട് മറച്ചുവച്ചു? അതുകൊണ്ട് അങ്ങേയ്ക്ക് എന്താണ് കിട്ടുന്നത്? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നു, അങ്ങ് വളരെ ശ്രദ്ധിച്ച് മുന്നോട്ടുപോകണം,

അങ്ങ് അപകടത്തിലേയ്ക്കാണ് പോകുന്നത്. ചതിക്കുഴിയിൽ അങ്ങ് വീഴും.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ....

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട പിണറായി വിജയനല്ല ദേവേന്ദ്രന്റെ അച്ഛൻ മുത്തുപ്പട്ടർ വന്നാലും കയ്യേറ്റക്കാരെ അനുവദിക്കില്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ ഇവിടെ സംശയ രഹിതമായ ഒരു കാര്യമാണ് ആദ്യമേ ചൂണ്ടിക്കാണിച്ചത്. ഇവിടെ ഒരു സംശയവുമില്ലാത്ത വിധമാണ് ഞാൻ ഈ കാര്യം ആദ്യമേ റപ്പോർട്ട് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ ഉദ്ദേശമെന്തായിരുന്നു എന്ന് ഞാൻ പറഞ്ഞു. അടിയന്തര പ്രമേയത്തിന്റെ ഉള്ളടക്കമായി ചൂണ്ടിക്കാണിച്ചതിൽനിന്നെല്ലാം വ്യതിചലിച്ച് മറ്റ് ഒട്ടേറെ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പി. ടി. തോമസ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇതിൽ വളരെ പ്രസക്തമായ കാര്യം 27.03.2017-ന്റെ യോഗത്തെക്കുറിച്ചായിരുന്നു. ആ യോഗത്തിന്റെ ഉദ്ദേശമെന്തായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. അവിടെ വിവിധ വിഭാഗം സംഘടനകളിൽനിന്നും ജനപ്രതിനിധികളിൽനിന്നും പലപ്പോഴായി

ഇടുക്കി ജില്ലയിലെ ഭൂമിപ്രശ്നവുമായി ബന്ധപ്പെട്ട അവരുടേതായ അഭിപ്രായങ്ങളും ആക്ഷേപങ്ങളുമുണ്ടാകാറുണ്ട്. ആ അഭിപ്രായങ്ങളും ആക്ഷേപങ്ങളും റവന്യൂ മന്ത്രിക്കും മുഖ്യമന്ത്രിക്കുമെല്ലാം സമർപ്പിക്കാറുണ്ട്. ഈ ആക്ഷേപങ്ങൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവികമായും മുഖ്യമന്ത്രി മുൻകൈയെടുത്ത് വിളിച്ചുചേർത്ത യോഗമാണ് അത്. ഞാൻ ആദ്യമേ ചൂണ്ടിക്കാണിച്ചു. അത്തരമൊരു യോഗം മുഖ്യമന്ത്രി വിളിച്ചുചേർക്കുന്നതിൽ ഒരു തരത്തിലുമുള്ള തെറ്റില്ലെന്ന് എല്ലാവർക്കും അറിയാം. ഇതൊക്കെ വലിയൊരു വിഷയമായി ചർച്ച ചെയ്യപ്പെടുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. മാത്രമല്ല, 27.03.2017-ലെ തീരുമാനമനുസരിച്ച് നിലവിലുള്ള ഏതെങ്കിലും തീരുമാനമോ സർക്കാർ ഉത്തരവോ ഭേദഗതി ചെയ്തു എന്ന് പറയാൻ, ഉത്തരവ് മാറ്റി എന്നുപറയാൻ ഇവിടെ ഒന്നുമില്ല. വലിയ കോലാഹലമെന്ന രീതിയിലാണ് ഇതിപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. മൂന്നാറിനെ രക്ഷിക്കുക എന്നതാണ് സർക്കാരിന്റെ പ്രഥമമായ പരിഗണന. ജനപ്രതിനിധികൾക്ക് അഭിപ്രായങ്ങൾ പറയാമെന്നും ആ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധന ആവശ്യമുണ്ടോയെന്ന് നോക്കാമെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു. പുനഃപരിശോധന ആവശ്യമുണ്ടോയെന്ന് നോക്കാമെന്ന് ജനപ്രതിനിധികൾ പറഞ്ഞാൽ അതിന്റെ അർത്ഥം ഉത്തരവ് മാറ്റിയെന്നാണോ; പരിശോധിക്കാൻ

ബന്ധപ്പെട്ട സെക്ഷനുകളോട് ആവശ്യപ്പെട്ടു എന്നുപറഞ്ഞാൽ അതിൽ പുതിയ ഉത്തരവിറങ്ങി എന്ന് പറയാൻ കഴിയുമോ? അത്തരം ഏതെങ്കിലും ഉത്തരവുണ്ടോ?......... ഉത്തരവിറക്കാതിരുന്നാൽ മതിയെന്ന് പറഞ്ഞാൽ അതിനെക്കുറിച്ചുള്ള ആലോചനകൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തതൊഴിച്ചാൽ മറ്റൊരു നടപടിയും ഉണ്ടായിട്ടില്ല. മൂന്നാറിനെ സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ പ്രഥമമായ പരിഗണന. അതിനുള്ള നടപടികൾ ഈ സർക്കാർ ശക്തമായിത്തന്നെ സ്വീകരിക്കുന്നുമുണ്ട്. അത് സംബന്ധിച്ചും എല്ലാവർക്കുമറിയാം. ഇവിടെ ചോദിച്ച ഒരു കാര്യം, 27.03.2017-ന് ചേർന്ന യോഗത്തിന്റെ തീരുമാനം 07.05.2017-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത വിവിധ വിഭാഗങ്ങളുടെ യോഗത്തിൽ പറയാത്തത് എന്ത് എന്നാണ്. ഈ യോഗത്തിന്റെ ഉദ്ദേശം വ്യത്യസ്തമായിരുന്നു എന്ന് എല്ലാവർക്കുമറിയാം. ഓരോ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുമുള്ള അഭിപ്രായങ്ങൾ കേൾക്കുന്നതിനുവേണ്ടിയാണ് ഈ യോഗം വിളിച്ചത്. പരിസ്ഥിതി പ്രവർത്തകരും മാധ്യമ പ്രവർത്തകരും മത മേലദ്ധ്യക്ഷൻമാരും വിവിധ രാഷ്ട്രീയ കക്ഷികളും പങ്കെടുത്തിരുന്നു. അവിടെയൊന്നും ഈ ആക്ഷേപം ഉണ്ടായിട്ടില്ല. ഇത്തരം പരാമർശങ്ങളെക്കുറിച്ചോ 2017 മാർച്ച് മാസം 27-ാം തീയതി മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗം എന്തോ വലിയ അബദ്ധം

വരുത്തിവയ്ക്കാൻ പോകുന്ന എന്നുള്ള ഒരഭിപ്രായവും അവിടെയും ഇവിടെയും ഉയർന്നുവന്നിട്ടില്ല. അത്തരം വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി 27.03.2017-ന്റെ യോഗം എന്തോ തീരുമാനമെടുക്കാനായിരുന്നുവെന്നും തീരുമാനമെടുത്തുകഴിഞ്ഞു എന്നുമുള്ള രീതിയിൽ നടത്തുന്ന ചർച്ചയ്ക്ക് യാതൊരടിസ്ഥാനവുമില്ല. മൂന്നാറിലെ പരിസ്ഥിതി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ളത് അന്നത്തെ യോഗത്തിലുൾപ്പെടെ ചൂണ്ടിക്കാണിച്ചതാണ്. ജി.ഒ.(എം.എസ്)നം.16/2, 2014-ലെ ഉത്തരവ് ശ്രീമതി നിവേദിത പി. ഹരൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ അതേപടി ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. അവർ നിർദ്ദേശിച്ച അതേ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ആ ഉത്തരവ് നിലനിൽക്കുകയാണ്. ആ ഉത്തരവിന്റെ കാര്യത്തിൽ ഒരു തീരുമാനവും ഇപ്പോഴുണ്ടായിട്ടില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ...

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാൻ ഇപ്പോൾ വഴങ്ങുന്നില്ല. 1971-ന് മുമ്പുള്ള കൈവശ ഭൂമിയും അല്ലാത്ത ഭൂമിയും 1964-ലെ ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകാവുന്നതാണ്. അസൈനബിൾ ലാന്റിൽ ഉൾപ്പെടുത്തുന്ന ഭൂമി മാത്രമേ പതിച്ചുനൽകുകയുള്ളൂ. നീലക്കുറിഞ്ഞി ......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,......

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല. അദ്ദേഹം സംസാരിച്ചതിനുശേഷം ചോദിക്കാവുന്നതാണ്. .... ഒരു വാചകം പൂർത്തീകരിക്കുന്നതിനിടയിൽ എങ്ങനെയാണ് ക്രമപ്രശ്നം ചോദിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ സംസാരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടതാണോ? ഞാൻ വഴങ്ങാത്തതുകൊണ്ട് പോയിന്റ് ഓഫ് ഓർഡർ എന്ന രീതിയിൽ എന്റെ സംസാരം തടസ്സപ്പെടുത്തുന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: പോയിന്റ് ഉണ്ടായിരിക്കണം. മറ്റൊരാളുടെ പ്രസംഗത്തിൽ ഇടപെടാനുള്ള അവസരമായി പോയിന്റ് ഓഫ് ഓർഡറിനെ ഉപയോഗിക്കുന്നത് ശരിയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സർവ്വശ്രീ അൻവർ സാദത്ത് വി.ഡി.സതീശൻ, ഐ.സി. ബാലകൃഷ്ണൻ, എ. പി. അനിൽ കുമാർ എന്നിവരുടെ ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ 28-4-2017-ൽ നൽകിയ മറുപടിയിൽ ഒരുത്തരവ് പറയുകയും ആ ഉത്തരവിനുമേൽ ആക്ഷൻ എടുക്കണമെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഓരോ വകുപ്പിനും...ജി.ഒ.

(എം.എസ്)69/2015/ആർ.ബി.നം. ഉത്തരവ് പുന:പരിശോധി ക്കുക.

<u>മി. സ്പീക്കർ</u>: അതിൽ ക്രമപ്രകാരമല്ലാത്തതെന്താണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ആ മറുപടിക്ക് വിരുദ്ധമായാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയുന്നത്. നീലക്കുറിഞ്ഞി സാങ്ച്വറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് റവന്യൂ വകുപ്പിലെ 6 വിഭാഗങ്ങൾക്കും വനം വകുപ്പിനും നിർദ്ദേശം കൊടുക്കുകയാണ്. ഈ ഉത്തരവുകളെല്ലാം നിയമസഭയിൽ മറുപടിയായി നൽകിയശേഷം, ഉത്തരം നൽകിയ മന്ത്രിതന്നെ അതിനു വിരുദ്ധമായി പറയുന്നത് ശരിയാണോ....അത് ഓർഡറിലാണോ; അല്ല....(ബഹളം)....

<u>മി. സ്പീക്കർ</u>: ക്രമപ്രകാരമാണോ അല്ലയോ എന്നുള്ളത് റൂൾ 286-ന്റെ പരിധിയിൽ വരുന്നതല്ല. ...(ബഹളം)... ഒരു കാര്യം ചെയർ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. ഒരാൾ സഭയിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽ ഇടപെടാനുള്ള ദുരുദ്ദേശപരമായ അവസരമായി പോയിന്റ് ഓഫ് ഓർഡർ ഉപയോഗിക്കുന്ന ഒരു പ്രവണത ...(ബഹളം).... ഞാൻ പറഞ്ഞുകഴിഞ്ഞില്ല. പ്രസംഗത്തെ തടസ്സപ്പെടുത്താനുള്ള അവസരമായി പോയിന്റ് ഓഫ് ഓർഡർ ഉപയോഗിക്കുന്ന തെറ്റായ പ്രവണത ഈ സഭയിൽ പൊതുവെയുണ്ട്. അത്

അംഗീകരിക്കാൻ പറ്റില്ല, അത് ശരിയല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പറഞ്ഞത് പൊതുവായ കാര്യമാണെങ്കിൽ ഭരണപക്ഷത്തുള്ളവർക്കും അത് ബാധകമാണ്.

മി. സ്പീക്കർ: അല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. പൊതുവെയുള്ള കാര്യമാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. പി. ടി. തോമസ് പ്രസംഗിച്ചു കൊണ്ടിരിക്കുന്നതിനിടയിലാണ് ഏറ്റുമാനൂർ അംഗമായ ശ്രീ. കെ. സുരേഷ് കുറുപ്പിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവസരം കൊടുത്തത്. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതിനിടയിൽ അതേ അവസരം തന്നെയാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആവശ്യപ്പെട്ടത്. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവകാശമില്ലെന്നുള്ള നിലപാട് ശരിയല്ല.

മി. സ്പീക്കർ: ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് റൂൾ 307 പ്രകാരം സഭാരേഖയിൽനിന്ന് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് ഉന്നയിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചത് റൂൾ 286 ആണ്. പോയിന്റ് ഓഫ് ഓർഡർ അതിന്റെ പരിധിയിൽ വരുന്നില്ല. ആദ്യം വഴങ്ങുമോയെന്ന് ചോദിക്കുകയും വഴങ്ങുന്നില്ലെന്ന് കണ്ടാൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്

ശരിയല്ല എന്നാണ് പറഞ്ഞത്. അത് മനസ്സിലാക്കണം. തർക്കം കൂടുതലാണെങ്കിൽ റൂൾ 286 ഞാൻ വായിക്കാം. " ചോദ്യങ്ങൾ സ്പീക്കർ മുഖേന ചോദിക്കേണ്ടതാണെന്ന്.- ചർച്ച ചെയ്യുന്ന സമയത്ത് വിശദീകരണത്തിനായോ അല്ലെങ്കിൽ മതിയായ മറ്റേതെങ്കിലും കാരണത്താലോ, അപ്പോൾ സഭയുടെ പരിഗണനയിലിരിക്കുന്ന ഏതെങ്കിലും സംഗതിയെപ്പറ്റി ഏതെങ്കിലും അംഗത്തിന് വേറൊരു അംഗത്തോട് ഒരു ചോദ്യം ചോദിക്കേണ്ട അവസരം വരുമ്പോൾ അദ്ദേഹം ആ ചോദ്യം സ്പീക്കർ മുഖേന ചോദിക്കേണ്ടതാണ്" . സ്പീക്കറോടാണ് ചോദിക്കേണ്ടതെന്നേയുള്ളൂ. പുതിയ നിർവ്വചനം ഉണ്ടാക്കേണ്ട.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പരിണിതപ്രജ്ഞനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ള ആളുകൾ ഒരു ന്യായമില്ലാത്തവിധം ഇത്തരം വിഷയങ്ങളിൽ ഇടപെട്ടത് എനിക്ക് മനസ്സിലാകുന്നില്ല. പ്രധാനപ്പെട്ട ഈ വിഷയം ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ഞാൻ ഒന്നും മറച്ചുവച്ചിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണർക്കും റവന്യൂ (എ) വകുപ്പിനും നിർദ്ദേശം നൽകിയത് സംബന്ധിച്ച് മിനിട്ട്സിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്. ഞാൻ എന്തെങ്കിലും മറച്ചുവച്ചോ? ഇപ്പോഴും ഒരുത്തരവും ഇറക്കിയിട്ടില്ലെന്ന് പറഞ്ഞത് ശരിയാണ്. നീലക്കുറിഞ്ഞി ഉദ്യാനമായി പ്രാഥമിക വിജ്ഞാപനം മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ. അതിരുകൾക്കുള്ളിൽ വരുന്ന ഭൂമിയിൽ

ഒഴിവാക്കി മാറ്റിപ്പാർപ്പിക്കാൻ കഴിയാത്ത താമസവും ഉൾപ്പെട്ടിട്ടുണ്ടെന്ന് പല ജനപ്രതിനിധികളും ഉന്നയിച്ച സാഹചര്യത്തിൽ അത് പരിശോധിക്കേണ്ടതുണ്ടെന്നാണ് അതിനർത്ഥം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയുടെ മുൻമഗാമിയായ അന്നത്തെ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ബിനോയ് വിശ്വം, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വളരെക്കാലം ചർച്ച ചെയ്തശേഷമാണ് നീലക്കുറിഞ്ഞി സാങ്ച്വറി നാഷണൽ ഉദ്യാനമായി ചരിത്രപ്രാധാന്യമർഹിക്കുന്ന പ്രഖ്യാപനം നടത്തിയത്. ഇപ്പോൾ അത് പരിശോധിക്കുന്നുവെന്ന് പറഞ്ഞാൽ നീലക്കുറിഞ്ഞി വേൾഡ് സാങ്ച്വറി ഇല്ലാതാകാൻ പോകുന്നുവെന്നുള്ളതാണ്. അങ്ങത് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വളരെ തെറ്റായ നടപടിയുമായാണ് അങ്ങ് മുന്നോട്ട് പോകുന്നത്. നീലക്കുറിഞ്ഞി സാങ്ച്വറി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച്, ശ്രീ. ബിനോയ് വിശ്വം ചരിത്രപ്രാധാന്യമായ പ്രഖ്യാപനം നടത്തിയതാണ്. അങ്ങതിൽനിന്ന് പുറകോട്ട് പോകാൻ ശ്രമിക്കുന്നത് അപകടകരമായ നീക്കമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത് അബദ്ധധാരണ മാത്രമാണ്. അതിൽ നിന്ന്

പുറകോട്ട് പോകാനുള്ള ഒരു തീരുമാനവും ഈ ഗവൺമെന്റ് എടുത്തിട്ടില്ല. 2006-ൽ പ്രഖ്യാപിച്ചുവെന്ന് പറയുമ്പോൾ അതിനുശേഷമുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും തുടർനടപടികൾ ഉണ്ടായിട്ടില്ല. അതിന്റെ പ്രാഥമിക വിജ്ഞാപനം മാത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിരുകൾ കൃത്യമായി പുനർനിർണ്ണയിക്കാനാണ് പ്രത്യേകം ഉദ്യോഗസ്ഥനെ നിശ്ചയിച്ചിരുന്നത്. 2006 ഒക്ടോബർ മാസം 6-ാം തീയതിയാണ് നീലക്കുറിഞ്ഞി സാങ്ച്വറിയായി പ്രഖ്യാപിച്ചത്. സെറ്റിൽമെന്റ് ഓഫീസറായി ദേവികുളം ആർ.ഡി.ഒ.-യെ നിശ്ചയിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് പൂർണ്ണമായ അർത്ഥത്തിൽ പരിഹരിക്കപ്പെട്ടിട്ടില്ല എന്നുള്ളതുകൊണ്ടും അത് പരിഹരിക്കേണ്ടതുണ്ട് എന്നതിന്റെയും അടിസ്ഥാനത്തിൽ ഫൈനൽ നോട്ടിഫിക്കേഷൻ വരേണ്ടത് അനിവാര്യമാണ്. അതിനെ ഒഴിവാക്കാനല്ല ഗവൺമെന്റ് തീരുമാനിക്കുന്നത്. അതിനകത്ത് ചിലരുടെ താമസവും ഉൾപ്പെട്ടിരുന്നുവെന്ന് ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അത്തരം വിഷയങ്ങളെക്കുറിച്ച് പരിശോധിക്കണമെന്ന് മാത്രമാണ് തീരുമാനിച്ചത്. അങ്ങനെ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല, എങ്കിൽപ്പോലും എല്ലാ കാര്യങ്ങളും മനസ്സിലാക്കി അതനുസരിച്ചുമാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളൂ എന്നാണ് ഇവിടെ രേഖപ്പെടുത്താനുള്ളത്. നീലക്കുറിഞ്ഞി

ഉദ്യാനം സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക എന്ന നല്ല ഉദ്ദേശം മാത്രമാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളത്. അല്ലാതെ, മറ്റൊരു തരത്തിലും ഇവിടെ പറഞ്ഞതുപോലെ അതിരുവിട്ട രീതിയിൽ അടിയന്തരപ്രമേയത്തിൽ ഉദ്ദേശിച്ചതിനുമപ്പുറത്ത് ഒരുപാട് കാര്യങ്ങളുൾപ്പെടെ അത്തരം ഒരാലോചനയുടെ ഭാഗമായി തീരുമാനമെടുത്തതല്ല. ജനപ്രതിനിധികൾ പങ്കെടുക്കുന്ന യോഗത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ.-മാരും എം.പി.-മാരും ഉൾപ്പെടെയുള്ളവർ അഭിപ്രായം രേഖപ്പെടുത്തില്ലേ; അങ്ങനെ അഭിപ്രായം രേഖപ്പെടുത്തിയാൽ അതുമായി ബന്ധപ്പെട്ട് ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റെന്ന നിലയിൽ അതുസംബന്ധിച്ച് പുനഃപരിശോധന നടത്താമെന്ന് പറയുന്നത് പ്രാഥമികമായ ഉത്തരവാദിത്വമല്ലേ; അതിനുമപ്പുറത്ത് എന്തെങ്കിലും നടന്നുവെന്ന രീതിയിൽ ഇവിടെ നടത്തുന്ന പ്രസ്താവനയ്ക്ക് അടിസ്ഥാനമില്ല. അതിനെല്ലാം പുറമേ ഇവിടെ പ്രധാനമായും ഉദ്ദേശിച്ചത് ഗവൺമെന്റിൽ കൂട്ടുത്തരവാദിത്വമില്ല എന്ന കാര്യമാണ്. ഒരേ സമയം കൂട്ടുത്തരവാദിത്വമില്ലെന്ന് പറയുകയും മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തത് ഒരു മന്ത്രിയെ അല്ലെങ്കിൽ അതിന്റെ വകുപ്പിനെ മാറ്റിനിർത്താനാണ് എന്നുപറയുകയും ചെയ്യുന്നു. ഞാനതേസമയം ഇവിടെ ഗവൺമെന്റിന്റെ ലക്ഷ്യമെന്താണെന്ന് ചൂണ്ടിക്കാണിച്ചു. ഒരു മുന്നണി

സമ്പ്രദായമാകുമ്പോൾ സ്വാഭാവികമായും മുന്നണിയിലെ വിവിധങ്ങളായ കക്ഷികൾക്ക് രാഷ്ട്രീയമായ അഭിപ്രായങ്ങളും അവരവരുടെ മന്ത്രിമാരെ നിശ്ചയിക്കുന്നതും വകുപ്പുകളെ സംബന്ധിച്ചും പുറത്ത് ചർച്ച ചെയ്യുന്നതെല്ലാം നമുക്ക് മനസ്സിലാക്കാം. പക്ഷെ ഇതെല്ലാമാണെങ്കിലും ഒരു ഗവൺമെന്റ് രൂപീകരിക്കുമ്പോൾ മുഖ്യമന്ത്രിയാണ് ഈ മന്ത്രിമാർക്ക് ചുമതല നൽകുന്നതും മന്ത്രിമാരെ നിശ്ചയിക്കുന്നതും മന്ത്രിമാർക്ക് വകുപ്പ് നൽകുന്നതും എന്നെല്ലാം അറിയാവുന്ന ആളുകൾ, മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഒരു യോഗം വിളിച്ചുചേർത്താൽ, അങ്ങനെയെങ്കിൽ ഇവിടെ ഏതെങ്കിലും വകുപ്പുകളുടെ യോഗം മുഖ്യമന്ത്രി വിളിച്ചുചേർക്കാതിരുന്നിട്ടുണ്ടോ; ഏതെങ്കിലും ഒരു വകുപ്പിന്റെ മാത്രമാണോ; മുഖ്യമന്ത്രി ഏതെങ്കിലും വകുപ്പിന്റെ യോഗം വിളിച്ചുചേർക്കുന്നതിൽ എന്താണ് അപാകത എന്ന് മനസ്സിലാകുന്നില്ല. ഇത്തരമൊരു തെറ്റിദ്ധാരണയുണ്ടാക്കാനും ഏകോപനമില്ലെന്ന് വരുത്താനും കൂട്ടുത്തരവാദിത്വമില്ലെന്ന് വരുത്തിത്തീർക്കാനും നടത്തുന്ന പ്രസംഗത്തിനാണ് പ്രസക്തിയില്ലാത്തത്. ഇവിടെ ഗവൺമെന്റ് വളരെ കൂട്ടുത്തരവാദിത്വത്തോടെ ഉത്തരവാദിത്വബോധത്തോടുകൂടി കാര്യങ്ങൾ നിർവ്വഹിക്കുകയാണ്. ഇതിൽ ഒരാശങ്കയ്ക്കും അടിസ്ഥാനമില്ലാത്ത വിധം മൂന്നാറിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ടും കയ്യേറ്റം

ഒഴിപ്പിച്ചുകൊണ്ടുമുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് അസന്നിഗ്ധമായി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2006 മുതൽ 2011 വരെ സംസ്ഥാനത്ത് അധികാരത്തിലുണ്ടായിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് ഒട്ടേറെ നടപടികൾ നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ട്. അതിന്റെ തുടർച്ച 2011 മുതൽ 2016 വരെ ഉണ്ടായില്ല എന്നത് നമുക്കേവർക്കും അറിയാവുന്നതാണ്. മൂന്നാറിന്റെയും ഇടുക്കിയുടെയും പ്രശ്നങ്ങളെടുത്താൽ അവിടെ ഏറ്റവും പ്രധാനമായിട്ടുള്ള മൂന്നാർ സംരക്ഷണ നടപടികളായാലും ഇടുക്കിയിലെ നേരത്തെയുള്ള കുടിയേറ്റക്കാർക്ക് പട്ടയം നൽകുന്ന പ്രശ്നമായാലും ഈ കഴിഞ്ഞ 2011 മുതൽ 2016 വരെയുള്ള കാലയളവിൽ ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഈ മാസം 21-ാം തീയതി അവിടെയുള്ള കുടിയേറ്റക്കാർക്ക് നേരത്തെ നിശ്ചയിച്ചതനുസരിച്ച് പട്ടയ വിതരണം നടക്കാൻ പോകുകയാണ്. ഇടുക്കിയിലെ കൃഷിക്കാരും കുടിയേറ്റക്കാരും പൊതുവേ ജനങ്ങളുമെല്ലാം നല്ല ആവേശകരമായ അന്തരീക്ഷത്തിൽ നിൽക്കുകയാണ്. ഇക്കാര്യത്തിൽ ഒരു പുകമറ സൃഷ്ടിക്കൽ മാത്രമാണ് ഇന്ന് ബഹുമാന്യനായ പി. ടി.

തോമസിന്റെ ഈയൊരു അടിയന്തരപ്രമേയത്തിന്റെ ഉദ്ദേശ്യം. വേറെ ഒരു പുതിയ കാര്യവും ഇതിനകത്തുണ്ടെന്ന് പറയാൻ കഴിയില്ല. ഇവിടെ അദ്ദേഹം സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ചാൽ വളരെ വിചിത്രമായ കാര്യങ്ങൾ കാണാൻ കഴിയും. ഞാനിപ്പോൾ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കാനുദ്ദേശിക്കുന്നില്ല. 27-ാം തീയതി എന്തിനാണ് യോഗം ചേർന്നതെന്നത് ഇവിടെ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി വിശദമായി പറഞ്ഞുകഴിഞ്ഞു. ആ യോഗത്തിൽ അവിടെയുള്ള ജനങ്ങൾ, വിവിധ സംഘടനകൾ, വിവിധ മതവിഭാഗങ്ങൾ, അങ്ങനെ വ്യത്യസ്ത വിഭാഗങ്ങൾ ഒട്ടേറെ പ്രശ്നങ്ങൾ സർക്കാരിന് മുന്നിൽ ഉന്നയിച്ചിട്ടുണ്ടായിരുന്നു. വലിയ തോതിലുള്ള ഒരാശങ്ക ഇവരിലെല്ലാം നിലനിൽക്കുന്നുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട് വ്യത്യസ്ത അഭിപ്രായങ്ങളും ഉയർന്നുവന്നിരുന്നു. ആ ഘട്ടത്തിൽ എങ്ങനെയാണ് ഗവൺമെന്റ് ഇത്തരം കാര്യങ്ങൾ സമീപിക്കുന്നതെന്ന് വ്യക്തമാക്കേണ്ടത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആവശ്യമായിരുന്നു. അപ്പോൾ അവരുടെ അഭിപ്രായത്തിൽ സ്വീകരിക്കാൻ പറ്റുന്നതും പറ്റാത്തതുമായ കാര്യങ്ങളുണ്ടാകും. അത് സർക്കാർ പരിശോധിച്ച് ചെയ്യേണ്ട കാര്യങ്ങളാണ്. ശ്രീമതി നിവേദിത പി. ഹരൻ അദ്ധ്യക്ഷയായി നേരത്തെ നടത്തിയ പരിശോധനയുടെ ഭാഗമായുണ്ടായ ശിപാർശയുടെ അടിസ്ഥാനത്തിൽ 16-02-2015-

ൽ ഇറക്കിയ ഉത്തരവിൽ അതുമായി ബന്ധപ്പെട്ട് കുറേ നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിന് ഒരു സമയക്രമം പാലിച്ചിരുന്നില്ല. എന്നാൽ അതുമായി ബന്ധപ്പെട്ടുതന്നെ ഒട്ടേറെ ആശങ്കകൾ അവിടെയുള്ള ജനവിഭാഗങ്ങളുന്നയിക്കുന്നു. അത് പരിശോധിക്കുന്നതിൽ തെറ്റില്ല. എന്നാൽ അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അതിന് നിശ്ചിത സമയക്രമം നിശ്ചയിക്കേണ്ടതുണ്ട്. ഇതാണ് അതിന്റെ ഭാഗമായി തീരുമാനിച്ചിട്ടുള്ളത്. ആ യോഗം തീരുമാനിച്ച് അറിയിപ്പ് നൽകുകയല്ല, ബന്ധപ്പെട്ട വകുപ്പ് അതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നുവെന്നേയുള്ളൂ. അത് സ്വാഭാവികമായ ഒരു നടപടിക്രമം മാത്രമാണ്. നീലക്കുറിഞ്ഞി സാങ്ച്വറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ പ്രശ്നങ്ങളെടുത്ത് പരിശോധിച്ചാൽ അവിടെയുള്ള വിവിധ വിഭാഗം ആളുകൾക്കും അതിന് സംബന്ധിച്ച് ആക്ഷേപമുണ്ട്. ആക്ഷേപമുണ്ടെന്ന് അവർ ഉന്നയിക്കുന്നതുകൊണ്ട് നീലക്കുറിഞ്ഞി സാങ്ച്വറി ഇല്ലാതാകുകയല്ല. ഇതുമായി ബന്ധപ്പെട്ട അന്തിമ വിജ്ഞാപനം വരണം. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യം ശരിയാണ്. നീലക്കുറിഞ്ഞിയുമായി ബന്ധപ്പെട്ട ആദ്യത്തെ വിജ്ഞാപനം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് വരുന്നത്.

അതിനുശേഷം ഒരഞ്ചുവർഷക്കാലം ഇവിടെയൊരു ഗവൺമെന്റുണ്ടായിരുന്നു. ഒരു നടപടിയും അതുമായി ബന്ധപ്പെട്ട് എടുത്തില്ല. അന്തിമ വിജ്ഞാപനം വരേണ്ടിയിരുന്നു, അത് വന്നില്ല. അപ്പോൾ ഈ യോഗത്തിൽ തീരുമാനിച്ചത് ആ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നാണ്. മിനിട്ട്സിൽ ഇത് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അവർ ഉന്നയിച്ച മറ്റു ചില കാര്യങ്ങളുണ്ട് . അവ പരിശോധിച്ച് യുക്തമായത് സ്വീകരിക്കേണ്ടതുണ്ടെങ്കിൽ സ്വീകരിക്കും. എന്നാലത് നടപ്പാക്കുക എന്നുള്ളതുതന്നെയാണ് ഉദ്ദേശിച്ചത്. ഇവിടെ....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ശ്രീമതി നിവേദിത പി. ഹരന്റെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അങ്ങുപറഞ്ഞത് നൂറുശതമാനം ശരിയാണ്. അതിനകത്തുതന്നെ ഐ.ഐ.എസ്.-കാരനായ ഒരാളെ ദേവികുളത്ത് ആർ.ഡി.ഒ. ആയി നിയമിക്കണമെന്നും അദ്ദേഹത്തെ ഈ സ്ഥലത്തിന്റെ സെറ്റിൽമെന്റ് ഓഫീസറായി വയ്ക്കണമെന്നും ആ ഉത്തരവിലുണ്ട്. അതനുസരിച്ച് അദ്ദേഹം നോട്ടീസ് കൊടുത്തിട്ട് ഇന്നുവരെ ഒരാളും ഈ സ്ഥലത്ത് അവകാശവുമായി വന്നിട്ടില്ല എന്നുള്ളതാണ് ഞാനുന്നയിച്ചത്. അവകാശമുന്നയിച്ച ശ്രീ. ജോയിസിന് കൊടുത്തിട്ടും ഇന്നുവരെ ചെന്നിട്ടില്ല.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ശ്രീ. ജോയിസ് എം.പി.-യുടെ കാര്യം ഞാൻ വീണ്ടും പറയാതിരിക്കുകയാണ്. കഴിഞ്ഞ തവണ ഞാനുന്നയിച്ചതാണ്. ഇവിടെ ബഹുമാന്യരായ കെ. സുരേഷ് കുറുപ്പും നിയമ വകുപ്പുമന്ത്രിയുമെല്ലാം അതുസംബന്ധിച്ച് കാര്യങ്ങൾ വ്യക്തമാക്കികഴിഞ്ഞതാണ്. അതിങ്ങനെ ബഹുമാന്യനായ പി. ടി. തോമസിന് തികട്ടി വരികയാണ്. അതൊഴിവാക്കുന്നതല്ലേ നല്ലത്; ഇത്രമാത്രമൊരു വ്യക്തിവിരോധം എന്ന നില, അതും ഒരു തെരഞ്ഞെടുപ്പിൽ ജയിച്ചുപോയി എന്നുള്ളതുകൊണ്ട് നിന്നെ വധിച്ചേ അടങ്ങൂ എന്നുള്ള മട്ടിൽ പുറപ്പെടേണ്ട കാര്യമുണ്ടോ? അങ്ങനെയൊരു നില സ്വീകരിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. ഇക്കാര്യത്തിൽ സി.എച്ച്.ആർ. ഭൂമിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഒരു തർക്കപ്രശ്നവും അവിടെ നിലനിൽക്കുന്നില്ല. ഇവിടെ സി.എച്ച്.ആർ. ഭൂമി സംരക്ഷിക്കുക എന്ന നിലപാട് തന്നെയാണ് നേരത്തെതന്നെ സ്വീകരിച്ചുവന്നിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ നേരത്തെ വന്നതാണ്. ഇതിനൊക്കെ വ്യക്തമായ നിലപാട് കേരളത്തിന് പൊതുവിലുള്ളതാണ്. അക്കാര്യത്തിൽ എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസം വലിയ തോതിലുണ്ടായിട്ടില്ല എന്നാണ് തോന്നുന്നത്. എന്നാൽ 2011 ജൂലൈയിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെ അവതരിപ്പിച്ച

ബഡ്ജറ്റിൽ "കേരള ഭൂപരിഷ്കരണ നിയമത്തിൽ തോട്ടവിളകളെ ഭൂപരിധിയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്." എന്നുപറഞ്ഞിട്ടുണ്ട്. പിന്നെ പറയുന്നത് "എന്നാലിങ്ങനെ ഒഴിവാക്കപ്പെട്ട ഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചാൽ ഭൂപരിഷ്കരണ നിയമത്തിൽ അത്തരം ഭൂമിക്ക് നൽകിയിട്ടുള്ള പരിരക്ഷ നഷ്ടമാകും." 'ഭൂമിയുടെ അഞ്ച് ശതമാനംവരെ മറ്റ് വിളകൾക്കോ, ഔഷധ സസ്യകൃഷിക്കോ, പച്ചക്കറി-പൂന്തോട്ട കൃഷിക്കോ, വിനോദ സഞ്ചാര പദ്ധതികൾക്കോ ഉപയോഗിക്കുവാൻ അനുവദിച്ചാൽ ഇന്നുള്ള പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകും. ഇതിലേയ്ക്ക് ഈ സഭ പാസ്സാക്കിയ ബിൽ നിയമമായി നടപ്പാക്കും ' എന്ന് അതിന്റെ അവസാനം പറഞ്ഞിട്ടുണ്ട്. നിലവിലുള്ള തോട്ടം സമ്പ്രദായത്തിൽ വ്യത്യാസം വരുത്തിക്കൊണ്ട് അന്നത്തെ ഗവൺമെന്റ് 2011- ൽ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ ഭാഗമാണിത്. ഇക്കാര്യത്തിൽ പൊതുവിൽ കടുത്ത അഭിപ്രായവ്യത്യാസങ്ങൾ ഉയർന്നുവന്നു. ഞാൻ അന്ന് സഭയിലില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതുമായി ബന്ധപ്പെട്ട് കടുത്ത അസംതൃപ്തി ആ ഘട്ടത്തിൽ രേഖപ്പെടുത്തിയെന്നൊക്കെയാണ് പുറത്തുനിന്ന് ഞാൻ കേട്ടത്. ആ നില ഇന്നില്ല. ഇന്ന് എല്ലാം ഞങ്ങൾ ഒരുമിച്ച് ആലോചിച്ച് തീരുമാനിച്ച് നടപ്പാക്കുകയെന്നുള്ളതാണ്. ഒരുതരത്തിലുള്ള അഭിപ്രായവ്യത്യാസവും ഞങ്ങൾ

തമ്മിലില്ല. മന്ത്രിമാർ തമ്മിലോ മന്ത്രിസഭയ്ക്കകത്തോ ഒരുതരത്തിലുള്ള അഭിപ്രായവ്യത്യാസവും നിലനിൽക്കുന്നില്ല. എല്ലാം യോജിച്ച രീതിയിൽ നടപ്പാക്കുകമാത്രമാണ് ഇവിടെ ചെയ്യുന്നത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ദേവേന്ദ്രന്റെ അച്ഛനെപ്പറ്റി ഒരു തെറ്റിദ്ധാരണ ശ്രീ. പി. ടി. തോമസിനുണ്ട്. അത് അങ്ങ് തിരുത്തിക്കൊടുക്കണം. അത് ശരിയല്ലെന്നാണ് തോന്നുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യു വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യരായ റവന്യു വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും ഞങ്ങൾക്ക് പറയാനുള്ളത് 'പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലരുത്' എന്നാണ്. മൂന്നാറിൽ നടക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. 27-ാം തീയതി ചേർന്ന യോഗത്തിൽ ജനപ്രതിനിധികൾ ഉന്നയിച്ച ആവശ്യങ്ങൾ പരിശോധിക്കുന്നതിൽ തെറ്റില്ല. പക്ഷെ ഇവിടെ ചെയ്തിരിക്കുന്നത് വിവിധ

ഡിപ്പാർട്ട്മെന്റുകളോട് അന്വേഷിക്കാൻ പറഞ്ഞിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട ചില വാർത്തകൾ പുറത്തുവരികയും ജനങ്ങൾക്ക് ആശങ്കയുണ്ടാവുകയും ചെയ്തപ്പോൾ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയെന്നത് പ്രതിപക്ഷത്തിന്റെ കടമയാണ്. 7-ാം തീയതി ചേർന്ന സർവ്വകക്ഷി യോഗത്തിൽ ഇതുസംബന്ധിച്ച നിരവധി കാര്യങ്ങൾ പറഞ്ഞിട്ടും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരൊറ്റ അക്ഷരം മിണ്ടിയില്ല. ഞങ്ങളൊരു യോഗം കൂടി റവന്യൂവിന്റെ വിവിധ വകുപ്പുകളോട് ഇതിനെപ്പറ്റി അന്വേഷിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ് എന്ന് അദ്ദേഹത്തിന് പറയാമായിരുന്നു. കയ്യേറ്റമൊഴിപ്പിക്കുന്ന കാര്യത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളും ഗവൺമെന്റിന് പൂർണ്ണ പിന്തുണയാണ് പ്രഖ്യാപിച്ചത്. അന്ന് എന്തുകൊണ്ട് ബഹുമാന്യനായ മന്ത്രി പറഞ്ഞില്ല. അന്ന് പറയാതിരുന്നത് മറച്ചുവയ്ക്കലായിരുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>) : സർ, ഞാൻ ഇത് നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം ആവർത്തിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്. ഇടുക്കിയിലെ വിവിധ സംഘടനകളും ജനപ്രതിനിധികളും അവിടെയുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

27.03.2017 - ന് യോഗം വിളിച്ചത്. ആ യോഗത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങളോ മറ്റ് കാര്യങ്ങളോ ഒന്നുമല്ല ചർച്ച ചെയ്തത്. അതിനുശേഷവും ഒഴിപ്പിക്കൽ നടപടി തുടരുകയാണെന്ന് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു. പാപ്പാത്തിച്ചോല, ദേവികുളം, മൂന്നാർ കോളനിയിലെ പുതിയ കയ്യേറ്റം, ബൊട്ടാണിക്കൽ ഗാർഡൻ നൽകിയിട്ടുള്ള ഭൂമിയിൽനിന്നുള്ള കയ്യേറ്റമുൾപ്പെടെയുള്ളതെല്ലാം ഒഴിപ്പിച്ചത് ഏപ്രിൽ മാസത്തിലാണ്. അപ്പോൾ മുഖ്യമന്ത്രി ഒഴിപ്പിക്കൽ തടഞ്ഞു എന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഞാൻ പറഞ്ഞതിനല്ല ബഹുമാന്യനായ മന്ത്രി മറുപടി പറഞ്ഞത്. സർവ്വകക്ഷിയോഗത്തിൽ പ്രതിപക്ഷവും മറ്റ് കക്ഷികളും കയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് പൂർണ്ണ പിന്തുണയാണ് നൽകിയത്. അന്ന് ഇത്തരം പ്രശ്നങ്ങളൊക്കെ അവിടെ ഉയർന്നുവന്നിരുന്നുവെങ്കിലും റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യവുമായി ബന്ധപ്പെട്ട ഒരു കാര്യവും പറഞ്ഞില്ല. മൂന്നാറിൽ കയ്യേറ്റമൊഴിപ്പിക്കൽ ഇപ്പോൾ നിലച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുന്നത് ശരിയല്ല. എവിടെയാണ് കയ്യേറ്റം ഒഴിപ്പിക്കുന്നത്? ഞങ്ങൾ അന്നേ പറഞ്ഞതാണ് ടെലിവിഷൻ ചാനലുകളുടെ മീഡിയ ഗ്ലെയറിൽ കുരിശ് തകർത്തുതന്നെ കയ്യേറ്റം ഒഴിപ്പിക്കൽ നിലച്ചുപോകാൻ വേണ്ടിയായിരുന്നു

എന്നുള്ള ആശങ്കയും അന്ന് എല്ലാവരും പ്രകടിപ്പിച്ചൊരു കാര്യമാണ്. ഇവിടെ കൂട്ടുത്തരവാദിത്വത്തെ- ക്കുറിച്ചാണല്ലോ പറയുന്നത്. കൂട്ടുത്തരവാദിത്വമില്ലെന്നതിന് ഉദാഹരണമായി ശ്രീ. കാനം രാജേന്ദ്രന്റെയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും നിരവധി പ്രസ്താവനകൾ എനിക്ക് ഉന്നയിക്കാൻ കഴിയും. ഭരണമുന്നണിക്ക് കെട്ടുറപ്പുണ്ടെന്നൊക്കെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. റവന്യൂ വകുപ്പുമന്ത്രിയായ ശ്രീ. ഇ. ചന്ദ്രശേഖരൻ പറഞ്ഞു കയ്യേറ്റക്കാരെ ഒഴിപ്പിക്കുമെന്ന്, ഒഴിപ്പിക്കാൻ വരുന്നവരുടെ കാലുവെട്ടും എന്നാണ് ശ്രീ. എം. എം. മണി പറഞ്ഞത്, ഇതാണോ കൂട്ടുത്തരവാദിത്വം; കയ്യേറ്റം ഒഴിപ്പിക്കാനുള്ള ദേവികുളം സബ്കളക്ടറുടെ നടപടി ധീരമെന്ന് റവന്യൂ വകുപ്പുമന്ത്രിയും ദേവികുളം സബ്കളക്ടറെ ഊളൻപാറയ്ക്ക് അയയ്ക്കണമെന്ന് ശ്രീ. എം. എം. മണിയും പറയുന്നതാണോ കൂട്ടുത്തരവാദിത്വം? എം.എൽ.എ ശ്രീ. എസ്. രാജേന്ദ്രന്റെ ഭൂമി പട്ടയ ഭൂമിയിലാണെന്ന് മുഖ്യമന്ത്രി. ശ്രീ. എസ്. രാജേന്ദ്രന്റെ ഭൂമിക്ക് പട്ടയമില്ല, വ്യാജപട്ടയമാണ് എന്നുപറയുന്നു. 28.04.2017-ൽ ശ്രീ. പി. സി. ജോർജിന്റെ 'മൂന്നാറിൽ ഒരു എം.എൽ.എ.-യുടെ വീടിരിക്കുന്ന ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ' എന്ന 1021-ാം നമ്പർ ചോദ്യത്തിന് 'മൂന്നാറിലെ വ്യാജ പട്ടയത്തെക്കുറിച്ച് അന്വേഷിച്ച എ.ഡി.ജി.പി. ക്രൈം ബ്രാഞ്ച് സി.ഐ.ഡി. ശ്രീ.

എസ്. രാജേന്ദ്രൻ എം.എൽ.എ.-യുടെ പേരിലുള്ള ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിരിക്കുന്നു. ആയതുപ്രകാരം ഇടുക്കി ജില്ലാകളക്ടർ ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയ രേഖകളിൽ തെറ്റായി രേഖപ്പെടുത്തിയ പട്ടയ നമ്പർ തിരുത്തിക്കിട്ടണമെന്ന അപേക്ഷ 29.10.2011-ന്__തള്ളിയിട്ടുള്ളതാണ് ' എന്ന മറുപടിയാണ് റവന്യൂ വകുപ്പുമന്ത്രി നൽകിയിട്ടുള്ളത്. ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയം വ്യാജമാണോ അല്ലയോ എന്ന കാര്യത്തിൽ എനിക്ക് തർക്കമൊന്നുമില്ല. തർക്കം റവന്യൂ വകുപ്പുമന്ത്രിക്കാണ്. അദ്ദേഹത്തോട് പറഞ്ഞാൽ മതി.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, വാസ്തവവിരുദ്ധമായ പ്രസ്താവനകൾ വരുന്നതുകൊണ്ട് പറയുന്നതാണ്. പരിശോധന നടക്കട്ടെ. വിജിലൻസ് തന്നെയാണ് എനിക്ക് രേഖ തന്നിട്ടുള്ളത്. ആ രേഖ ഞാൻ സഭയിൽ കാണിക്കുകയും ചെയ്തു. അങ്ങനെ ഒരു വിഷയവും ഇക്കാര്യത്തിൽ വ്യാജമാണെന്ന് പറഞ്ഞിട്ടില്ല. രണ്ട്, ഞാൻ ഭൂമി കയ്യേറിയതല്ല. എന്റെ മുൻഗാമികൾ തലമുറകളായി കൈവശം വച്ചിരിക്കുന്ന ഭൂമി എനിക്ക് അവകാശപ്പെട്ടതാണ്. അതുകൊണ്ടാണ് ആ രൂപത്തിൽ കാണുന്നത്. ഇത് കയ്യേറ്റ ഭൂമി അല്ല എന്നുപറയാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. എസ്. രാജേന്ദ്രൻ, ഇത് ഞാൻ പറഞ്ഞതല്ല. റവന്യൂ വകുപ്പുമന്ത്രി ഈ സഭയിൽ നൽകിയ ഉത്തരമാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ :</u> സർ, ഗവൺമെന്റിൽ രേഖയില്ലാത്തതുകൊണ്ട് നൽകിയ പട്ടയം വ്യാജമാകില്ല. ചെലാൻ അടച്ച് ഭൂമിക്ക് വിലകൊടുത്തിട്ടാണ് ഞാൻ പട്ടയം വാങ്ങിയത്. അതുകൊണ്ട് റവന്യൂ റിക്കോർഡിലില്ലെങ്കിൽ അതിന്റെ ഉത്തരവാദികൾ ഉദ്യോഗസ്ഥരാണ്. അവരുടെ പേരിൽ നടപടിയെടുക്കുന്നതിനുപകരം ഇത്തരത്തിൽ രേഖ വന്നതിന് ഞാൻ ഉത്തരവാദിയല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, റവന്യൂ വകുപ്പുമന്ത്രിയോട് പറയാൻ ധൈര്യമില്ലാത്തതുകൊണ്ട് എന്നോട് പറഞ്ഞതിൽ സന്തോഷമുണ്ട്.

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, അങ്ങേയ്ക്ക് ഇപ്പോൾ ബോദ്ധ്യമായോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, എന്നെ ബോദ്ധ്യപ്പെടുത്തിയിട്ട് കാര്യമില്ല, റവന്യൂ വകുപ്പുമന്ത്രിക്ക് ബോദ്ധ്യമായില്ലല്ലോ. 'എമ്പ്രാന്റെ വിളക്കത്ത് വാര്യരുടെ അത്താഴം' എന്ന് അങ്ങ് പറഞ്ഞത് ഇപ്പോൾ ശരിയായല്ലോ. ഇടുക്കി ജില്ലാ കളക്ടർ ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയരേഖയിൽ തെറ്റായി രേഖപ്പെടുത്തിയ പട്ടയ നമ്പർ തിരുത്തിക്കിട്ടണമെന്നുള്ള അപേക്ഷ സി4/455287/10, തീയതി__29.10.2011-പ്രകാരം തള്ളിയിട്ടുള്ളതാണ്. ഇതിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷൻ മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ

നിരസിച്ചിട്ടുള്ളതാണ്. ശ്രീ. എസ്. രാജേന്ദ്രന്റെ ഭൂമിക്ക് പട്ടയമുണ്ടെന്ന് മുഖ്യമന്ത്രിയും പട്ടയമില്ലെന്ന് റവന്യൂ വകുപ്പുമന്ത്രിയും പറയുന്നു. ഇതാണോ സർക്കാരിന്റെ കൂട്ടുത്തരവാദിത്വം? എനിക്ക് പാവം രാജേന്ദ്രനെപ്പറ്റി ഒരു എതിരഭിപ്രായവുമില്ല, എന്റെ നല്ല സുഹൃത്താണ്. റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും തമ്മിലുള്ള അഭിപ്രായവ്യത്യാസത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ഈ ചക്കളത്തിപോരാട്ടമാണ് അവസാനിപ്പിക്കേണ്ടത്. സി.പി.ഐ.-യും സി.പി.എം.-ഉം തമ്മിലാണ് തർക്കം, മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും തമ്മിലാണ് ഇവിടെ തർക്കം. റവന്യൂ വകുപ്പ് തയ്യാറാക്കിയെന്ന് പറയുന്ന വൻകിട കയ്യേറ്റക്കാരുടെ ലിസ്റ്റ് എന്തുകൊണ്ട് പ്രസിദ്ധപ്പെടുത്തുന്നില്ല? ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി, അങ്ങ് ആ ലിസ്റ്റൊന്ന് പ്രസിദ്ധപ്പെടുത്തിയാൽ ഞങ്ങൾക്കും ജനങ്ങൾക്കും അത് ബോദ്ധ്യപ്പെടും. പതിനാലുപേരുടെ ലിസ്റ്റ് കേരളകൗമുദി പ്രസിദ്ധീകരിച്ചിരിക്കുന്നു. 1,72,625 ഏക്കർ ഭൂമിയാണ് പിടിച്ചെടുക്കേണ്ടതെന്ന് അവർ സൂചിപ്പിച്ചിരിക്കുന്നു. ഇത് പിടിച്ചെടുക്കാനുള്ള ധൈര്യം ഗവൺമെന്റ് കാണിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. വാചകക്കസർത്തുകൊണ്ട് കാര്യമില്ല. മുഖ്യമന്ത്രി പറഞ്ഞു, ഇനിയും ആർക്കും കയ്യേറാൻ കഴിയാത്ത നിലയിൽ കാര്യങ്ങൾ ചെയ്യുമെന്ന്. വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ലല്ലോ.

നടപടിയുമായി മുന്നോട്ടുപോകണ്ടേ? മൂന്നാറിൽ ഏറ്റവും വലിയ കയ്യേറ്റം നടത്തിയത് സി.പി.ഐ.(എം)-ന്റെ നേതാക്കന്മാരാണെന്ന കാര്യം മറക്കരുത്. ഇന്നും വാർത്ത പത്രത്തിലുണ്ട്, ഇക്കാനഗറിൽ പത്തേക്കർ ഭൂമിയാണ് കയ്യേറിയിരിക്കുന്നത്. ഇക്കാനഗറിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ റവന്യൂ വകുപ്പുമന്ത്രിക്ക് ധൈര്യമുണ്ടോ? അതിവിശിഷ്ടമായ ജൈവ വൈവിധ്യമുള്ള മൂന്നാർ മേഖലയെ തകർക്കുന്ന നടപടിയെ നിയന്ത്രിക്കാനും ഇല്ലാതാക്കാനുമുള്ള നടപടി എന്തുകൊണ്ട് സ്വീകരിക്കുന്നില്ല; അതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. ഗവൺമെന്റിന് കൂട്ടുത്തരവാദിത്വമില്ലെന്ന് മാത്രമല്ല, സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള ഗുരുതരമായ അഭിപ്രായ വ്യത്യാസമാണ് മൂന്നാർ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ വന്നിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി എന്ന് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പരിസ്ഥിതി പ്രവർത്തകന്മാർ പറഞ്ഞ കാര്യങ്ങളുണ്ട്. ബഹു. മുഖ്യമന്ത്രി എല്ലാവരെയും വിളിച്ച് ചർച്ച ചെയ്തു. അതിലൊന്നും ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ല. എല്ലാവരുടെയും അഭിപ്രായങ്ങൾ കേൾക്കുന്നത് നല്ലതാണ്. പക്ഷെ എന്തുകൊണ്ട് നടപടിയുണ്ടാകുന്നില്ല. സർവ്വകക്ഷി യോഗത്തിനുശേഷം പത്ത് സെന്റുവരെ ഭൂമിയുള്ളവരെ ഒഴിപ്പിക്കില്ലെന്ന് പറഞ്ഞപ്പോൾ പത്ത് സെന്റിൽ താഴെയാണെങ്കിൽ

കയ്യേറാമെന്ന ധാരണയിൽ അവിടെ പുതിയ കയ്യേറ്റങ്ങൾ നടക്കുന്നതായ വാർത്തകൾ പുറത്തുവരികയാണ്. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അവിടെ ഒരുതരത്തിലുള്ള പുതിയ കയ്യേറ്റവും അനുവദിക്കുന്ന പ്രശ്നമില്ല. അന്ന് നമ്മൾ തീരുമാനിച്ചതുപോലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറെടുത്തുവരികയാണ്. ഇനി കയ്യേറാൻ തോന്നാത്ത വിധത്തിലുള്ള നടപടി സ്വീകരിക്കുകതന്നെ ചെയ്യും. ഒരു ആശങ്കയും അക്കാര്യത്തിൽ വേണ്ട.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹു. മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, സർവ്വകക്ഷി യോഗം കഴിഞ്ഞ ശേഷം അവിടെ പുതിയ രണ്ടുമൂന്ന് കയ്യേറ്റമുണ്ടായി. അത് ഒഴിപ്പിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർവ്വകക്ഷി യോഗം കഴിഞ്ഞ ശേഷമെന്നല്ല, ഈ സർക്കാരിന്റെ കാലത്തുതന്നെ വലിയ തോതിൽ കയ്യേറ്റങ്ങളുണ്ടായിട്ടില്ല. ഏത് കയ്യേറ്റമായാലും കയ്യേറ്റമെന്ന നിലയിൽത്തന്നെ പരിഗണിച്ച് നടപടി സ്വീകരിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അവിടെ പ്രധാനമായും

കയ്യേറിയിട്ടുള്ളത് ആൽവിൻ, ലംബോദരൻ, ഇക്കാനാഗറിൽ പാർട്ടിയുടെ ഏരിയാ സെക്രട്ടറിമാർ...., എന്റെ ചോദ്യം, ആ കയ്യേറ്റങ്ങൾ എന്തുകൊണ്ട് മുഖ്യമന്ത്രി കാണുന്നില്ലെന്നതാണ്. ഞാൻ അങ്ങയുടെ ഉദ്ദേശ്യ ശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. ഞങ്ങൾ ഉത്തരവാദിത്വത്തോടെ പറയുന്നു, റവന്യൂ വകുപ്പ് കളക്ട് ചെയ്ത രേഖകളിൽ ഈ ആളുകളുടെ പേരുകളുണ്ട്. ആ രേഖകൾ റവന്യൂ വകുപ്പ് സെക്രട്ടറിയുടെ കൈവശമുണ്ടെന്നാണ് ഞാൻ കരുതുന്നത്. എന്തുകൊണ്ട് അവരെ നിങ്ങൾ ഒഴിപ്പിക്കുന്നില്ല? അങ്ങയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഫലത്തിൽ ഇത്തരം വൻകിട കയ്യേറ്റങ്ങൾ യഥേഷ്ടം നടക്കുന്നു. ആൽവിൻ ആരാണ്; ലംബോദരൻ ആരാണ്; ഈ ഏരിയാ കമ്മിറ്റി സെക്രട്ടറിമാർ ആരാണ്; അവരുടെ ഭൂമി ഒഴിപ്പിക്കാൻ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല എന്നുള്ളതെല്ലാം പ്രസക്തമായ കാര്യമല്ലേ. ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ കാര്യത്തിൽ നടപടിയുണ്ടാകണം. "*മൂന്നാറിലും പരിസര പ്രദേശങ്ങളിലും വലിയ നിക്ഷേപങ്ങളുള്ളവരെ ജനങ്ങൾക്കറിയാം, അവരെ ഒറ്റപ്പെടുത്തുകയാണ് വേണ്ടത്. ഇത്തരക്കാർക്കുവേണ്ടി വാദിക്കുന്നവർ ആരായാലും അത് കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാണ്*" - മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സ്റ്റേറ്റ്മെന്റാണ്. സർക്കാർ ഭൂമി കയ്യേറി

മൂന്നാറിൽ പാർട്ടി ഗ്രാമം; എന്തുകൊണ്ട് നടപടിയെടുക്കുന്നില്ല? വമ്പൻ സ്രാവുകളെ സർക്കാർ തൊടുന്നില്ല.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ……(മൈക്ക് ഓഫ്)……

മി. സ്പീക്കർ: അങ്ങ് ദയവായി ഇരിക്കു...

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വലിയ മത്സ്യങ്ങളെ കാണുമ്പോൾ കൊക്ക് കണ്ണടയ്ക്കുന്നതുപോലെയാണ് റവന്യൂ വകുപ്പുമന്ത്രിയുടെ ഈ നടപടി. റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, അങ്ങൊരു നല്ല മനുഷ്യനാണ്, നല്ല കാര്യങ്ങൾ ചെയ്യുന്നയാളാണ്, അങ്ങേയ്ക്ക് ആഗ്രഹമുണ്ട്, അങ്ങയുടെ ആഗ്രഹത്തിന് വിലങ്ങുതടിയായി നിൽക്കുന്നത് അങ്ങയുടെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയുമാണ്, അതിനെ നേരിടാൻ അങ്ങേയ്ക്ക് ധൈര്യമില്ല. അങ്ങ് എന്തിനാണ് ക്യാബിനറ്റിന്റെ സിസ്റ്റത്തെപ്പറ്റിയെല്ലാം പറയുന്നത്. മുഖ്യമന്ത്രി എന്നാൽ *first among equals* ആണ്. ഇവിടെ ബഹു. മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ ഞങ്ങളുടെ കാലത്ത് പട്ടയം കൊടുത്തില്ലെന്ന് പറഞ്ഞു. 45,000 പട്ടയമാണ് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് പാവപ്പെട്ട കർഷകർക്ക് കൊടുത്തത്. മൂന്നാറിലെയും ഇടുക്കിയിലെയും പാവപ്പെട്ട കർഷകർക്ക് പട്ടയം കൊടുക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്ക് രണ്ടഭിപ്രായമില്ല.

കയ്യേറ്റവും കുടിയേറ്റവും രണ്ടും രണ്ടാണ്. ന്യായമായി പട്ടയം ലഭിക്കേണ്ടവർക്ക് പട്ടയം കൊടുക്കണം. അതേ സമയം കയ്യേറ്റത്തിന്റെ കാര്യത്തിൽ ഒരു ദാക്ഷണ്യവുമില്ലാതെയുള്ള കർശന നടപടി സ്വീകരിക്കണം. *'Charity begins from the home'* എന്നുപറയുന്നതുപോലെ അക്കാര്യത്തിൽ കർശന നടപടി ആരംഭിക്കേണ്ടത് സ്വന്തം പാർട്ടിക്കാരുടെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ടായിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. അക്കാര്യത്തിൽ ഗവൺമെന്റ് ഒളിച്ചുകളി നടത്തുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, മൂന്നാർ ഉൾപ്പെടെ ഇടുക്കി ജില്ലയിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് ഒരു ജനാധിപത്യ ഗവൺമെന്റിന്റെ കടമയാണ്. അവിടത്തെ ജൈവ വൈവിധ്യങ്ങളും പ്രകൃതിയും ലോകപ്രസിദ്ധമാണ്. മൂന്നാറിലെ ഏലമലക്കാടുകളും നിത്യഹരിത വനങ്ങളും വന്യജീവികളും വരയാടുകളും

നീലക്കുറിഞ്ഞിയുമെല്ലാം കേരളീയന്റെ മാത്രം സ്വകാര്യ സ്വത്തല്ല, അത് ലോകത്തിന്റെ പൊതു സ്വത്താണ്. അത് നശിപ്പിക്കാൻ കൂട്ടുനിൽക്കുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമല്ല. ബഹു. മുഖ്യമന്ത്രി മാർച്ച് 27-ന് വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാനങ്ങൾ ഇടുക്കി ജില്ലയുടെ, പ്രത്യേകിച്ച് മൂന്നാറിന്റെ പരിസ്ഥിതിലോല പ്രദേശങ്ങളും സി.എച്ച്.ആർ. മേഖലയും വൻതോതിൽ കയ്യേറി വലിയ നിർമ്മാണ പ്രവർത്തനങ്ങളും ആവാസ കേന്ദ്രങ്ങളും ആരംഭിക്കുന്നതിന്റെ മുന്നോടിയാണ്. അവിടത്തെ ഭൂവിനിയോഗം സംബന്ധിച്ച് പഠിച്ച റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി നിവേദിത പി. ഹരൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയ ഉത്തരവ് അട്ടിമറിച്ച് ഇടുക്കി ജില്ലയിലെ കയ്യേറ്റത്തിന്റെ ആശാന്മാർക്ക് കാര്യങ്ങൾ എളുപ്പമാക്കിക്കൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത് 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിനും എതിരാണ്. ഏലക്കാടുകളിലെ മരങ്ങൾ മുറിക്കലാണ് ഇതിന്റെ പ്രധാന ലക്ഷ്യം. മാത്രമല്ല, ഇവിടെയൊരു വ്യക്തതയുടെയും കൂട്ടുത്തരവാദിത്വത്തിന്റെയും പ്രശ്നമുണ്ട്. ബഹു. മുഖ്യമന്ത്രി ഇന്ന് രാവിലെ ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്, അവിടെ 144

പ്രഖ്യാപിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല എന്നാണ്. അവ്യക്തതയുടെയും കുട്ടത്തരവാദിത്വത്തിന്റെയും പ്രശ്നം നിലനിൽക്കുമ്പോൾ.... ഇവിടെ ഇത്തരത്തിലുള്ള ആവാസ വ്യവസ്ഥിതിയും പരിസ്ഥിതിയുമെല്ലാം നശിപ്പിക്കുന്ന പ്രവർത്തനം ഒരു ഇടതുപക്ഷ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് ശരിയല്ല. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നമുക്ക് അറിവുള്ളതുപോലെ തന്നെ മൂന്നാർ ഒരു ദൃശ്യവൈകൃതമായി മാറുകയാണ്. അനധികൃത കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും ഇന്ന് മൂന്നാറിന് മറ്റൊരു മുഖം നൽകിക്കൊണ്ടിരിക്കുന്നു. മാർച്ച് 27-ന് യോഗം കഴിഞ്ഞതിനുശേഷം, അങ്ങോട്ട് കടന്നുവരുന്ന ടൂറിസ്റ്റുകളുടെ എണ്ണമനുസരിച്ച് നിയന്ത്രിതമായ രീതിയിൽ അവർക്കുള്ള താമസ സൗകര്യം ഒരുക്കുമെന്നുള്ള ബഹു. മുഖ്യമന്ത്രിയുടെ പ്രസ്താവന വായിക്കാനിടയായി. യാതൊരു രീതിയിലുമുള്ള ശാസ്ത്രീയമായ

ഇടപെടലുകളുമില്ലാതെ തോന്നുംപടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും കയ്യേറ്റങ്ങളും മൂന്നാറിൽ നടക്കുന്നുവെന്നുള്ളത് വസ്തുതയും യാഥാർത്ഥ്യവുമാണ്. അവിടെ കയ്യേറ്റങ്ങളുണ്ടെന്നതിനെ സംബന്ധിച്ച് രണ്ടഭിപ്രായം കേരളത്തിൽ ഉണ്ടാകുമെന്ന് കരുതുന്നില്ല. അത്തരത്തിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനും അതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഗവൺമെന്റ് തയ്യാറാകണം. അത്തരത്തിലുള്ള ഗവൺമെന്റിന്റെ നടപടികളെ പ്രതിപക്ഷമുൾപ്പെടെ സർവ്വ മനസ്സാ സ്വീകരിക്കുന്നതാണ്. ഒപ്പംതന്നെ കർഷകരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും വേണം. ബഹു. റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകിയപ്പോൾ 27-ാം തീയതിയിലെ യോഗ തീരുമാനങ്ങൾക്കനുസൃതമായി ഉത്തരവുകൾ ഇറക്കിയിട്ടില്ലെന്ന് പറഞ്ഞു. പക്ഷെ അദ്ദേഹം പറഞ്ഞ മറുപടിയിൽ, യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. ആ യോഗത്തിലെടുത്ത ചില കാര്യങ്ങളിൽ ആശങ്കകളുണ്ടെന്നാണ് ഞങ്ങൾ ഇവിടെ ഉന്നയിച്ചത്. പ്രത്യേകിച്ച് 69/2015 നമ്പർ ജി.ഒ. ഒട്ടനവധി അവ്യക്തതകൾ നിറഞ്ഞതാണെന്നതിന്റെ അടിസ്ഥാനത്തിൽ അത് പുനഃപരിശോധിക്കാൻ റവന്യൂ (എ) ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തി

എന്നുള്ളത് ബഹു. മന്ത്രിയ്ക്കും സഭയ്ക്കും അംഗങ്ങൾക്കുമെല്ലാം അറിവുള്ള കാര്യമാണ്. ആ ജി.ഒ.-യിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്, അവിടെ ജനപ്രതിനിധികളുടെ കയ്യേറ്റങ്ങളുണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കും, വിജിലൻസ് അന്വേഷണങ്ങളുണ്ടാകും, വീഴ്ച പറ്റിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കും അങ്ങനെ പ്രസക്തമായ ഒട്ടനവധി കാര്യങ്ങൾ രേഖപ്പെടുത്തിയട്ടുള്ളതാണ് 69/2015 നമ്പർ ഗവൺമെന്റ് ഉത്തരവ്. ആ ഉത്തരവ് പൂർണ്ണമായും പുനഃപരിശോധിക്കുമെന്ന് ഗവൺമെന്റ് പറയുമ്പോൾ ഇത്തരത്തിലുള്ള നടപടികളിൽ നിന്ന് പിൻവാങ്ങുന്ന സാഹചര്യമാണുള്ളത്. ഈ ഉത്തരവിൽ കർഷകദ്രോഹകരമായ സമീപനങ്ങളുണ്ടെങ്കിൽ ആ ഭാഗം ഭേദഗതി വരുത്തുവാൻ ഗവൺമെന്റിന് അധികാരമുണ്ട്. പക്ഷെ ജി.ഒ. പൂർണ്ണമായും ഒഴിവാക്കാൻ പോകുന്നുവെന്ന് പറയുമ്പോൾ, സ്വാഭാവികമായും ഞങ്ങൾ പറയുന്നതിൽ യാതൊരർത്ഥവുമില്ലെന്ന് പറഞ്ഞ് അടച്ചാക്ഷേപിക്കുന്ന നില നിർഭാഗ്യകരമാണ്. വളരെ പ്രധാനപ്പെട്ട ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരിച്ചെത്തി.)

(ശ്രുദ്ധക്ഷണിക്കൽ)